# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.8, November 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# അനുഭവഗാനങ്ങളുമായി സാം റ്റി. മുഖത്തല...

***കണ്ണുനീർ എന്ന് മാറുമോ വേദനകൾ എന്നു തീരുമോ... ആരാധിപ്പാൻ നമുക്ക് കാരണമുണ്ട്... നഷ്ടങ്ങളിലും പതറിടല്ലേ... ഉന്നതൻ നീ അത്യുന്നതൻ നീ... നാമറിയാതെ നമുക്കായി... നമുക്കൊരു ദൈവമുണ്ട് സ്വർഗ്ഗത്തിലുണ്ട്...ദാസനല്ല അനാഥനല്ല പുത്രനാണ് ഞാൻ... തുടങ്ങിയ അനേക ഗാനങ്ങളുടെ രചയിതാവ് പാസ്റ്റർ സാം റ്റി മുഖത്തലയെ പരിചയപ്പെടാം.***



കൊല്ലം ജില്ലയിൽ മുഖത്തല എന്ന ഗ്രാമത്തിൽ തെങ്ങുവിള വീട്ടിൽ പാപ്പച്ചൻ-ഏലിയാമ്മ ദമ്പതികളുടെ അഞ്ചു മക്കളിൽ മൂത്ത മകനായി പാസ്റ്റർ സാം റ്റി മുഖത്തല ജനിച്ചു. അത്യാവശ വിദ്യാഭ്യാസത്തിനുശേഷം ലോകത്തിന്റെ പല രാജ്യങ്ങളിൽ ജോലിയോടൊപ്പം സുവിശേഷവേല ചെയ്തു. 2007 പ്രാരംഭസമയങ്ങളിൽ ജോലിവിട്ടു പൂർണ്ണസമയ സുവിശേഷവേലക്കാരനായി, ഇപ്പോൾ കർത്താവിന്റെ വേല ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ ജീവിതാനുഭവങ്ങലിൽ ദൈവം നൽകിയ പാട്ടുകളാണ് ഇന്ന് നാം പാടുന്ന ധാരാളം പാട്ടുകൾ.

1996-ൽ കൊട്ടാരക്കര നെല്ലിക്കുന്ന് എന്ന സ്ഥലത്തുനിന്ന് അമ്പലപ്പുറം എന്ന സ്ഥലത്തേക്ക് വാഹനം ഓടിച്ചുപോകുമ്പോൾ ഒരു കൊച്ചുകുട്ടി വാഹനത്തിന് കുറുകെ ചാടുകയും രക്ഷിക്കാനായി ശ്രമിക്കുമ്പോൾ വാഹനത്തിന്റെ നിയന്ത്രണം നഷ്ടമായി വലിയ അപകടത്തിൽ പെട്ടു. പരുക്കുകളോടെ കൊട്ടാരക്കര കെ.എൻ.എസ് ഹോസ്പിറ്റലിൽ കിടക്കുമ്പോൾ, കർതൃദാസൻ ദൈവത്തോടു ചോദിച്ച ചോദ്യമാണ് കണ്ണുനീർ എന്നു മാറുമോ വേദനകൾ എന്നു തീരുമോ കഷ്ടപ്പാടിൻ കാലങ്ങളിൽ രക്ഷിപ്പാനായി നീ വരണേ എന്ന ഗാനം. ഈ ഗാനം ഹിന്ദി, നേപ്പാളി, തമിഴ്, തെലുങ്ക്, ഉറുതു എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും ഒരുപാട് അംഗീകാരങ്ങൾ ദൈവദാസന് നേടിക്കൊടുക്കുകയും ചെയ്തു.

ദൈവദാസന്റെ ഇളയമകൻ ജനിച്ചപ്പോൾ അവന്റെ ഹൃദയത്തിന്റെ വാൽവിന് തകരാറുണ്ട് അവൻ മരിച്ചുപോകും എന്ന് ഡോക്ടർമാർ പറഞ്ഞു. കൊല്ലം ശങ്കേഴ്സ് ഹോസ്പിറ്റലിൽ ദീർഘദിവസങ്ങൾ കിടന്നു വളരെ വലിയൊരു തുക ചിലവായി. കൂടെയുള്ളവർ നിരാശയുടെ വാക്കുകൾ പറഞ്ഞപ്പോൾ ഹോസ്പിറ്റലിന്റെ ഗ്രൗണ്ടിൽ വന്നു രാത്രിയാകുമ്പോൾ ഒറ്റയ്ക്കിരുന്ന് കരയുകയും പ്രാർത്ഥിക്കുകയും ചെയ്ത അനേകരാത്രികളിലൊന്നിൽ ദൈവം തന്നോട് പറഞ്ഞ വാക്കാണ് നഷ്ടങ്ങളിലും പതറിടല്ലേ കണ്ണുനീരിലും തളർന്നീടല്ലേ ഞാൻ എന്നും നിന്റെ ദൈവം നീയും എന്നും എന്റേതാണേ.

ആ വരികൾ എഴുതി ചില മാസങ്ങൾക്കുശേഷം തന്റെ ഇളയ സഹോദരൻ ഷാർജയിൽ നിന്നും ദുബായിലേക്ക് വാഹനം ഓടിച്ചുപോകുമ്പോൾ ആ വാഹനം ഇടിച്ചു സ്വദേശിയായ ഒരാൾ മരണപ്പെട്ടു. ആ കാരണത്താൽ തന്റെ അനുജൻ ജയിലായി. വലിയൊരു തുക കെട്ടിവെക്കേണ്ട സാഹചര്യം ഉണ്ടായി. അത്രേയും വലിയ തുക കെട്ടിവെക്കാനില്ലാതെ ദൈവത്തോടു നിലവിളിച്ചപ്പോൾ ദൈവത്തിൽ നിന്നും തനിക്കു ലഭിച്ച പ്രവചന ശബ്ദമാണ്, നിന്നെ തകർക്കുവാനോ നിന്നെ മുടിക്കുവാനോ അല്ലല്ലാ ഈ വേദന നിന്നെ പണിതെടുത്ത് നല്ല പൊന്നാക്കുവാൻ അല്ലയോ ഈ ശോധനാ എന്ന ഈ പാട്ടിന്റെ അടുത്ത വരികൾ.

നാട്ടിൽ ഒരു ചെറിയ ജോലിയിലായിരിക്കുമ്പോഴാണ് ആദ്യമായി സൗദി അറേബ്യയിലേക്ക് പോയത്. രണ്ടു വർഷങ്ങൾക്കുശേഷം നാട്ടിലേക്ക് മടങ്ങി. ഒരു വർഷം നാട്ടിൽ ചിലവഴിച്ചതിനുശേഷം ബഹ്റിനിൽ അസ്രി എന്ന സ്ഥലത്ത് ജോലിയോടുള്ള ബന്ധത്തിൽ 2001-ൽ വന്നു. 2007 സെപ്തംബറിൽ ബഹ്റിനിൽ വെച്ച് പൂർണ്ണസമയ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു നാട്ടിലേക്ക് പോയി.

***ബഹ്റിനിലായിരുന്ന 6 വർഷക്കാലത്ത് എഴുതിയ പാട്ടുകളാണ് ആരാധിപ്പാൻ നമുക്ക് കാരണമുണ്ട്, നാമറിയാതെ നമുക്കായി, നമുക്കൊരു ദൈവമുണ്ട് സ്വർഗ്ഗത്തിലുണ്ട്, എന്റെ യേശു എനിക്ക് സഹായി തുടങ്ങിയവ. കൂടാതെ ദൈവജനം ആവേശത്തോടെ ഏറ്റുപാടി ആശ്വാസം കണ്ടെത്തുന്ന നഷ്ടങ്ങളിലും പതറിടല്ലേ എന്ന ഗാനം എഴുതി പൂർത്തിയാക്കിയത് ബഹ്റിനിൽ വെച്ചാണ്.***

ബഹ്റിനിൽ ആയിരുന്നപ്പോൾ ആദ്യമായി ആരാധനയ്ക്ക് പോയത് ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിലായിരുന്നു. അതിനുശേഷം മുഖറഖിലുള്ള ഒരു കൂട്ടായ്മയിലും പി ന്നെ ബഹ്റിൻ ചർച്ച് ഓഫ് ലിവിംഗ് ഗോഡ് എന്ന സഭയുടെ ആരംഭസമയത്തും ശുശ്രൂഷകളിൽ കൈതാങ്ങലായി നിൽപ്പാൻ ദൈവം അവസരം ഒരുക്കി.

.....ശേഷം 13 -ാം പേജിൽ

## HH കുഞ്ഞാപ്പി & ഇന്നാമ്മ







## BMCC MUSICAL EVENING

**16th October 2017**

More photos on Page 12

# ജീവന്റെ വ്യവഹാരം...

EDITORIAL



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ


ആത്മീയ ജീവനാണ് ദൈവത്തിന്റെ ഏറ്റവും വിലയേറിയത്. ജീവൻ എന്ന വിഷയത്തിൽ ദൈവം എത്രമാത്രം തീഷ്ണതയുള്ളവനാണെന്നും ജീവനുമായി അവന്റെ ബന്ധം എന്താണെന്നും പൂർണ്ണമായി മനസിലാക്കണമെങ്കിൽ പഴയ നിയമ വെളിച്ചത്തിൽ അതിനെപ്പറ്റി പഠിക്കേണ്ടിയിരിക്കുന്നു. നമുക്ക് ആദാമിന്റെ അനുസരണക്കേടിനെപ്പറ്റിയും തൽഫലമായി ദൈവസന്നിധിയിൽ അവനുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെട്ടതിനെപ്പറ്റിയും പറയുന്ന ഭാഗത്തേക്ക് പോകാം. ജീവവൃക്ഷത്തിന്റെ പ്രശ്നം അവിടെ ഉയരുന്നു. മനുഷ്യന്റെ വീഴ്ചയെത്തുടർന്നുണ്ടായ ന്യായവിധിയിൽ ദൈവം ആദ്യം മുൻകരുതൽ എടുത്തത് ജീവവൃക്ഷത്തിന്റെ കാര്യത്തിലായിരുന്നു. ജീവവൃക്ഷത്തിലേക്ക് ആരും അടുക്കാതെവണ്ണം ജീവവൃക്ഷത്തിലേക്കുള്ള വഴി കാപ്പാൻ ദൈവം തന്റെ കെരൂബുകളെ എല്ലാ ദിശയിലേക്കും തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

ആരും അടുക്കാതവണ്ണം എന്നത് ശ്രദ്ധിക്കുക. പാപിയായ മനുഷ്യൻ ജീവവൃക്ഷത്തെ തൊടുകയോ അതിന്റെ ഫലം അനുഭവിക്കുകയോ ചെയ്യാതവണ്ണം ദൈവം ആരംഭത്തിൽ തന്നെ ജീവവൃക്ഷത്തെ സംരക്ഷിച്ചു എന്നതാണ് കാര്യം. പാപാവസ്ഥ അനന്തമായി തുടരാൻ ദൈവം ആഗ്രഹിച്ചില്ല. കുഞ്ഞാട് തന്റെ രക്തം ചൊരിയുന്നത് മുഖാന്തരം ഉളവാകുന്ന ജീവന്റെ ഉറവ് നിത്യമായി തുടരുവാൻ ദൈവം ആഗ്രഹിച്ചു. ക്രൂശിലെ മഹത്തായ പ്രവൃത്തിയിൽ കൂടി മനുഷ്യന്റെ പാപാവസ്ഥയ്ക്ക് പരിഹാരം വരുത്തുന്നതുവരെ മനുഷ്യൻ നിത്യജീവൻ പ്രാപിക്കുന്നത് ദൈവം തടഞ്ഞുവെച്ചു എന്നുള്ളത് അത്ഭുതകരമായ കാര്യം തന്നെയാണ്. അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ദൈവത്തിന്റെ പദ്ധതിയ്ക്ക് വിരുദ്ധമായ ഒരു ലോകം ആയിരുന്നു ഫലം.

ഇനി കയീന്റേയും ഹാബേലിന്റേയും കാര്യം എടുക്കാം. ജീവനോടുള്ള ദൈവത്തിന്റെ നിലപാടിന്റെ അടുത്തപടി കയീനോടും ഹാബേലിനോടുമുള്ള ദൈവത്തിന്റെ ഇടപെടലിൽ കാണാം. കയീൻ ഹാബേലിനെ കൊലപ്പെടുത്തിയപ്പോൾ ഉടൻ തന്നെ ദൈവം ആ രംഗത്ത് പ്രത്യക്ഷപ്പെട്ടു. നോഹയെ നോക്കുക, നോഹയുമായുള്ള ദൈവത്തിന്റെ ഉടമ്പടിയിലെ വ്യവസ്ഥകൾ നമുക്ക് സുപരിചിതമാണ്. പകരത്തിനു പകരം. ഇത് മനുഷ്യന് ഭയാനകമായ മുന്നറിയിപ്പാണ്. ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിയ്ക്കും. ദൈവം എല്ലാം ന്യായമായി ചെയ്യുന്നു. ഒരുവനും പ്രത്യേക പരിഗണനയില്ല. ദൈവത്തിന്റെ വിലയേറിയതിനെ തൊടുന്നവന് ഒരു ലാഭവും ഉണ്ടാകുന്നില്ല. നീ മനുഷ്യനെ കൊള്ളയടിക്കുന്നുവോ? നീയും കൊള്ളയടിക്കപ്പെടും. ഇത് വളരെ ഗൗരവ്വമേറിയ മുന്നറയിപ്പാണ്. ജീവനോടുള്ള മനോഭാവത്തെ ഇത് കാണിക്കുന്നു.

നമുക്ക് ഹാനോക്കിലേക്ക് നീങ്ങാം. ജീവന്റെ കാര്യത്തിൽ ദൈവത്തിന്റെ മനസ്സിനെ വെളിപ്പെടുത്തുന്നതാണത്. ദൈവത്തിന്റെ ചിന്ത മരണത്തെപ്പറ്റിയല്ല, ജീവനെപ്പറ്റിയാണ്. മരണത്തിന്റെ ദീർഘമായ ചരിത്രത്തെ ഹാനോക്ക് തകർക്കുന്നത് കാണാം. ദൈവത്തിന്റെ പദ്ധതികൾ മരണമില്ലാത്ത ജീവന്മേലാണ് നിലകൊള്ളുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. ക്രിസ്തുവിനെ സംബന്ധിച്ച് മരണം കഴിഞ്ഞുപോയ സംഭവം ആണ്, ഇനി വരാനിരിക്കുന്ന സംഭവം അല്ല. ഇത് വളരെ വിലയേറിയ കാര്യമാണ്. ദൈവവുമായുള്ള കൂട്ടായ്മയിൽ നിൽക്കുന്നവർക്കും ഇത് വിലയേറിയതാണ്.

ഇയ്യോബിന്റെ പുസ്തകം ശരിയായി മനസ്സിലാകണമെങ്കിൽ അത് ജീവന്റെ വ്യവഹാരം ആണെന്ന് നാം മനസിലാക്കേണ്ടിയിരിക്കുന്നു. ജീവനോടുള്ള ദൈവത്തിന്റെ തീഷ്ണത ഇവിടേയും കാണാം. ഇയ്യോബിന്റെ ജീവനെ, നേരേ തൊടാൻ സാധിക്കാത്തതുകൊണ്ട്, സാദ്ധ്യമായ എല്ലാ തന്ത്രങ്ങളും ഉപയോഗിച്ചു വേറൊരു മാർഗ്ഗത്തിൽ കൂടി ഇയ്യോബിന്റെ ജീവനെ തൊടാൻ സാത്താൻ ശ്രമിക്കുകയാണ്. ഇയ്യോബ് ദൈവത്തെ ശപിച്ചിട്ട് ദൈവത്തിൽനി ന്നും അകന്നു പോകണം. അതായിരുന്നു സാത്താൻ തിരഞ്ഞെടുത്ത പരോക്ഷമായ മാർഗ്ഗം.




ദൈവത്തെ ശപിച്ചാൽ ഇയ്യോബിന്റെ ജീവൻ അതിന്റെ ഫലമായി നഷ്ടപ്പെടുകയും നശിച്ചുപോകുകയും ചെയ്യുമല്ലോ. ഇയ്യോബ് കൊടുങ്കാറ്റിന്റെ അനുഭവങ്ങളിലൂടെ കടന്നുപോയി. പക്ഷേ ജീവശ്രോതസ്സുമായുള്ള ബന്ധം ഒരിക്കലും തകർന്നുപോയില്ല. ജീവന്റെ സൂക്ഷിപ്പുകാരൻ ദൈവമാണ്.

പഴയനിയമത്തിലെ പുറപ്പാടിലേക്ക് നമുക്ക് പോകാം. ഈജിപ്റ്റിൽ നിന്നുള്ള യിസ്രായേലിന്റെ പുറപ്പാടും ഒരു ജീവന്മരണ വിഷയമാണ്. ദേശത്തെല്ലാടവും മരണം നടമാടുമ്പോൾ ദൈവത്തിന്റെ ജനം മരണത്തിന് അതീതരായിരുന്നു.

മരണമാണ് എല്ലായിടത്തും, പക്ഷേ ദൈവജനത്തിന്റെ മദ്ധ്യേ മാത്രം മരണമില്ല. ഇരുട്ടാണ് എല്ലായിടത്തും, പക്ഷേ ദൈവജനത്തിന്റെ മദ്ധ്യേ വെളിച്ചമുണ്ട്. എന്തു കൊണ്ട് ? ദൈവജനത്തിന്റെ ജീവൻ ദൈവകരങ്ങളിൽ ഇരിക്കുന്നു. തന്റെ ജനത്തിന്റെ ജീവൻ സംരക്ഷിക്കുവാൻ ഒരു രാജ്യത്തെ അടിക്കണമെന്നുണ്ടെങ്കിൽ ദൈവം അങ്ങനെ ചെയ്യും. തന്റെ ജനത്തിന്റെ ജീവൻ അപകടത്തിലാകുമ്പോൾ ഒന്നിനും ദൈവത്തെ തടയുവാൻ സാദ്ധ്യമല്ല.

ജീവനെ സംബന്ധിച്ച് ലേവ്യ നിയമം എന്താണെന്ന് നോക്കാം. മാംസത്തിന്റെ ജീവൻ രക്തത്തിലാകയാൽ ദൈവ ജനം രക്തം ഭക്ഷിക്കുന്നത് ഒഴിവാക്കണമെന്നതിനു കൊടുത്തിരിക്കുന്ന പ്രാധാന്യം വളരെയാണ്. ഈ കാര്യങ്ങളെല്ലാം കൂടി പരിഗണിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ് ദൈവത്തിന് ജീവൻ പാവനമാണ്. ജീവൻ ദൈവത്തിന്റേതാണ്, അത് എപ്പോഴും ദൈവത്തിന് വിശുദ്ധമായിരിക്കണം.

ഈ ജീവൻ മനുഷ്യൻ എടുത്ത് അവന്റേതാക്കരുത്. അതിനെ സൂക്ഷിക്കുന്നതിൽ അവൻ വളരെ തീഷ്ണതയുള്ളവനാണ്. മരണമല്ല, ജീവനാണ് ദൈവത്തിന്റെ ആഗ്രഹം. ആയതിനാൽ ദൈവീകജീവന്റെ നല്ലചാലകങ്ങളായി നമുക്കു മാറാം.

## അറിയിപ്പ്

സ്ഥലപരിമിതി മൂലം
വളരെയധികം
ലേഖനങ്ങളും
മറ്റ് രചനകളും
ഈ ലക്കത്തിൽ
ചേർക്കാൻ കഴിയാതെ
പോയതിൽ
ഖേദിക്കുന്നു.



## "ഹലോ ഹോപ്പ്" ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്‍ലൈനി ൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ്, കുവൈറ്റ്, നേപ്പാൾ, തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കുന്നു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
-എഡിറ്റർ-

Views and opinions expressed in various articles and features in "Hello Hope" are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
✉ **hhgulfnews@gmail .com**
**00973 38383399**
☎ **17877171**




# ബൈബിൾ... 2



പാസ്റ്റർ റ്റി.റ്റി. തോമസ്

ആഗോളമായുള്ള ജനശ്രദ്ധ ആകർഷിച്ചിട്ടുള്ള ഒന്നാമത്തേയും ഏകവുമായ ബൈബിളിന്റെ ചിന്ത നാം തുടരുകയാണ്. വേദപുസ്തകംപോല വിവിധങ്ങളായ വിഷയങ്ങളിൽ വ്യക്തമായ, തികഞ്ഞ ജ്ഞാനം പ്രാപിക്കുവാൻ പര്യാപ്തമായ മറ്റൊരു പുസ്തകവുമില്ല. വേദപുസ്തകം കേവലം ഒരു പുസ്തകം എന്നതിൽ കവിഞ്ഞ് ജീവിക്കുന്നതും പ്രവർത്തിക്കുന്നതുമാണ്. അതിനെതിരെ വരുന്ന സകല ശക്തികളേയും അതിജീവിക്കുവാൻ ശക്തിയുള്ളതാണ്.




ബ്രിട്ടണിലെ 800 ലധികം നാച്ച്യുറൽസയൻസ് വിദ്യാർത്ഥികളുടെ അഭിപ്രായത്തിൽ പ്രകൃതിശാസ്ത്രത്തിൽ ഉള്ള ഗവേഷണങ്ങളിൽ അവർക്കു വരുന്ന സംശയത്തിനുള്ള നിവാരണ മാർഗ്ഗം ബൈബിളായിരുന്നു.ദൈവവചനത്തിന്റെ ആധികാരികമായ തെളിവുകൾ അവരെ പലവിധത്തിൽ സഹായിച്ചിരുന്നു. ഉപദേശം, വിശ്വാസം, ജീവിതരീതികൾ എന്നീ വിഷയങ്ങളിൽ ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്ന പ്രത്യേക വെളിപ്പാടാണ് വേദപുസ്തകം. മനുഷ്യന്റെ ഉത്തരവാദിത്വം, സമസൃഷ്ടികളോടുള്ള അടുപ്പം, തമ്മിലുള്ള ഒരുമ എന്നീ വിഷയങ്ങൾ മനുഷ്യനു ശരിയായ രീതിയിൽ പഠിപ്പിച്ചുകൊടുക്കുന്ന പുസ്തകവും ബൈബിളാണ്.

## ബൈബിളിന്റെ പ്രത്യേകതകൾ:

വിശ്വാസത്തോടും വിശ്വസ്തതയോടും കൂടി ഇതിനെ സമീപിക്കുന്ന എല്ലാവരുടേയും ജീവിതത്തിൽ അത്ഭുതങ്ങൾ ചെയ്യുന്ന പുസ്തകമാണ് ബൈബിൾ. അത് ഈ ലോകത്തിൽ മാത്രമല്ല മരണാനന്തരവും.

വിദ്യാസമ്പന്നനും വിദ്യാവിഹീനനും ഒരുപോലെ മനസിലാകുന്ന രീതിയിലാണ് ഇതിന്റെ ഭാഷാശൈലിയും ഉപദേശ അവതരണവും.

സാഹിത്യപരമായും സൃഷ്ടിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായതും ബൈബിൾ തന്നെ.

ചരിത്രം, ജീവചരിത്രം, പഴമൊഴികൾ, കത്തുകൾ, സ്തുതിഗീതങ്ങൾ, ആചാരപ്രമാണപരമായ ആരാധനാ, നിയമസംഹിതകൾ, ഉപമകൾ, ദൃഷ്ടാന്തങ്ങൾ, പ്രവചനങ്ങൾ ആദിയായവ ഉൾക്കൊള്ളുന്ന സമ്പൂർണ്ണ ഗ്രന്ഥമാണ് ബൈബിൾ.

### 1. രക്ഷിപ്പാൻ ശക്തിയുള്ളതാണ് –

'ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈകൊൾവിൻ' (യാക്കോ. 1:21, റോമ.1:16).

### 2. വിശ്വാസം ഉളവാക്കുന്നു –

'ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' (റോമ.10:17)

### 3. യേശുക്രിസ്തുവിനെ കൂടുതലായി അറിയാൻ സഹായിക്കുന്നു –

'നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു, അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ, അവ എനിക്കു സാക്ഷ്യം പറയുന്നു' (യോഹ.5:39)

### 4. നമ്മെ ക്രിസ്തുവിൽ പണിയുന്നു –

ദൈവത്തിന്റെ വചനത്താൽ നാം വീണ്ടും ജനിക്കുകയും അങ്ങനെ ജനിച്ചവർ സഭയാം ദൈവാലയത്തിന്റെ അടിസ്ഥാനക്കല്ലും ജീവനുള്ള കല്ലുമായ ക്രിസ്തുവിനോടു ചേർത്ത് പണിയപ്പെടുന്നു. നമ്മെ പണിയപ്പെടുന്ന കൃപയുടെ വചനം എന്നർത്ഥമാക്കുന്നത് അതാണ്.

### 5. നമുക്ക് അവകാശം തരുന്നു

'നിങ്ങൾക്കു ആത്മികവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടുംകൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേൽപ്പിക്കുന്നു' (പ്രവൃ.20:32). ദൈവവചനത്താൽ തന്നെയാണ് നാം അവകാശവും പ്രാപിക്കുന്നത്.

### 6. ദൈവത്തിന്റെ മനുഷ്യനെ തികഞ്ഞവൻ അഥവാ സംമ്പൂർണ്ണനാക്കുന്നു –

'എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു' ( 2 തിമൊ.3:16,17)

# FRUITFUL VINE





Finny Mallappally

In the Holy Bible, right from the beginning of the Book of Genesis, till the end of Revelation, the subject "FRUIT" can be seen as history, similes or metaphors, promises, etc.. The Bible portrays Creator God as a good Gardener. The idea of 'fruit' itself first came from God.

A fruit can be defined as one that encloses essence that is gradually produced. The first conversation of God who created man and kept him in Eden includes the command -"Be fruitful"(Gen. 1:29). This statement had a hidden meaning as well- to multiply. God wished for a fruitful life from man, ever since the time of Creation. And man became a sinner when he disobeyed God's command and ate the fruit. In Psalms 1, the Psalmist compares a righteous man who is rooted in the Law of the Lord to a tree that brings forth fruit in due season.

The phrase, "Fruitful Vine" unmasks the fact that vines can also be fruitless or may bear fruits that are not good. Isaiah 6 teaches us about a vineyard planted on a hill and taken good care of, which later produced wild grapes. Here, the hard work of the Gardener who made hedges and removed it's stones, was all in vain. This is a good thought to ponder.

But in Chapter 22 of the Book, God says about a beautiful vineyard that it will blossom, bud and fill the earth with fruit, since it is rooted well and deep. In order to be fruitful, the New Testament makes it clear that the believers or branches should abide in Jesus Christ, the True Vine. Without abiding in the Vine, the branches can't bear fruit. We must be cautious that those branches that do not abide in the vine will wither and will be gathered and burnt in fire (eternal hell).

In His words, Jesus makes clear the answer to the confusing question that why the branches that bear good fruits suffer pain - God purges every branch that bears fruit, that it may bring forth more fruit. (John 15).

Though it is initially painful, if one who abides in Christ- The Vine, surrenders himself for purification, he will emerge out later in a greater and more blessed manner as one who comforts many people. Hence, Father is glorified as more fruit is brought forth.

In Psalms 128, the wife of a man who fears the Lord is compared to a fruitful vine. Though literally depicting offspring prosperity, it has a spiritual meaning that the Church, which is the Bride of Christ, has the mission to bear spiritual members.

Each tree is recognised by its own fruit. Grapes are not gathered from thorn bushes nor figs from thistles. Only the one who stays forever in Christ can bring forth good fruit, according to the Father's will. When the Lord searches for good fruits but finds none - despite the outward plenty green leaves and prosperity - the tree will become a cause for the Creator's wrath. The withered fig tree teaches us that the mere outward expressions and acts are of no value before the One who is the Alpha and Omega- who searches and knows every thought and mind.

As the Holy Word reminds us, - 'for those who belong to us may bear fruit',- let us bear in our hearts the spiritual burden to be more fruitful and bring forth more good fruits, in this modern busy world, by being rooted in Christ. We might have failed to produce good fruits in the past days.. Still, let us now meditate and be grateful for the love and mercy of the Good Gardener who didn't cut us down, instead kept alive in spite of our fruitless lives.. So let's lead a fruitful Christian life in the coming days!!


IPC BETHEL BAHRAIN
Presents
YOU ARE INVITED
ARISE & SHINE
GOSPEL MUSIC LIVE CONCERT
Pr. VINIL C JOSEPH
Main Speaker
JINCE MATHEW
Orchestration
DON VALIYAVELICHAM
Singer
JIJI SAM
Singer
November 4th Saturday 2017
AM Hall
St.CHRISTOPHER CHURCH
EVENING
7:00 PM TO
9:30 PM
For More Information Please Contact
39254815 | 36055916 | 38384153 | 32158444
#Incredible Performance by Well-Known Musicians # Worship GOD with Us and Special Speaker#
Watch live @ www.bethelbahrain.com ipcbethelbahrain YouTube ipcbethelbahrain



# വെറുതെ ഒരു ദുഃഖം

യോസേഫ് മരിച്ചു എന്ന് കരുതിയ യാക്കോബ് ദുഃഖിക്കുന്നു.
ഞാൻ ദുഃഖത്തോടെ എന്റെ മകന്റെ അടുക്കൽ
പാതാളത്തിൽ ഇറങ്ങുമെന്ന് പറഞ്ഞ് കരയുന്നു.
ശിമയോനും മരിച്ചുകാണും എന്നു കരുതി യാക്കോബ് വിഷമിക്കുന്നു.

ബെന്യാമീനേയും ചോദിക്കുന്നത് തന്നെ
മക്കളില്ലാത്തവനാക്കാനാണെന്നു കരുതി
ആ ഹൃദയം വേദനിച്ച് പട്ടിണി കിടക്കുന്നു.
സകലവും എനിക്ക് പ്രതികൂലം എന്ന്
ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരിക്കുന്നു.



ജിജോ അങ്കമാലി

യേസേഫ് ജീവിച്ചിരിക്കെ
ശിമയോൻ ക്ഷേമമായിരിക്കെ
ബെന്യാമീന് നന്മ വരാനിരിക്കെ
യാക്കോബേ, അങ്ങെന്തിന് ദുഃഖിക്കുന്നു ?
വിഷമിക്കുന്നു ? പട്ടിണി കിടക്കുന്നു

ആര് പറഞ്ഞു സകലവും പ്രതികൂലമെന്ന് ?
നോക്കുക! മരിച്ചു എന്നു കരുതിയ മകൻ
അയച്ചിരിക്കുന്ന രഥങ്ങൾ കൺനിറയെ കാൺക!
ആശ്ചര്യം തോന്നുന്നുണ്ടോ ?
വിശ്വസിക്കാൻ പ്രയാസമാണോ ?
ചൈതന്യം വരുന്നുണ്ടോ ?

കൊള്ളാം ഇനിയെങ്കിലും താങ്കൾ കാര്യമറിയാതെ
വിഷമിക്കയോ, കരയുകയോ ചെയ്യരുത്
താമസിക്കണ്ടാ, ചെല്ലൂ തേരിലേറി യാത്രയാകൂ
'മരിച്ചവൻ' അങ്ങ് കാത്തിരിക്കുന്നു!

മറുവശം കാണാൻ കണ്ണില്ലാത്ത എന്റെ മനമേ,
സകലവും അനുകൂലമായിരിക്കുമ്പോൾ തന്നെ
നീയും പറഞ്ഞുപോയിട്ടില്ലേ
'സകലവും എനിക്ക് പ്രതികൂലമെന്ന്'

അരുത്, ഇനി പറയരുതങ്ങനെ
കർത്താവ് സകലവും നന്മയ്ക്കായ് മാത്രമേ
ചെയ്യൂ എന്നതൊക്കെ നീ മറന്നോ ?
തെല്ലൊന്ന് കാത്തിരിക്ക, നിന്റെ ജീവിതത്തിലും
സകലവും നന്മയ്ക്കായി കൂടി
വ്യാപരിപ്പിക്കാനിരിക്കുന്നതൊക്കെ
നീ കാണാനിരിക്കുന്നതേയുള്ളൂ.
അന്ന് നിന്റെ കണ്ണുനീരൊക്കെ തീരും

വെറുതെ ദുഃഖിച്ച യാക്കോബിന്റെ
തേര് ചെന്ന് നിന്നത് രാജകൊട്ടാരത്തിൽ,
രാജസന്നിധിയിലാണ്, രാജകീയസ്വീകരണം ലഭിച്ച്
രാജാവിനെപ്പോലും അനുഗ്രഹിക്കത്തക്കനിലയിൽ
സകലവും നന്മയ്ക്കായി കൂടി വ്യാപരിച്ചു.

ആകയാൽ എന്റെ ആത്മാവേ
നീയും സമാധാനമായിരിക്ക
ഇന്നും...എന്നും...

## ഹോശന്നാ റേഡിയോ പ്രവർത്തനം ആരംഭിച്ചു

ലോകമെമ്പാടുമുള്ള ശ്രോതാക്കൾക്കു 24 മണിക്കൂർ പ്രക്ഷേപണത്തിലൂടെ ക്രൈസ്തവ മാധ്യമരംഗത്തു പുതിയൊരു ചുവടുവയ്പായി ഹോശന്നാ റേഡിയോ പ്രവർത്തനം ആരംഭിച്ചു. ഹോശന്നാ മിനിസ്ട്രിക്സ് നേതൃത്വം നൽകുന്ന ഈ റേഡിയോയിലൂടെ ക്രിസ്തീയ ഗാനങ്ങൾ, സന്ദേശങ്ങൾ, വിവിധ പരിപാടികൾ മുതലായവ ലഭ്യമാകും.

ഐഫോൺ,, ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് സൗജന്യമായി ഈ റേഡിയോ ആപ് ഡൗ?ലോഡ് ചെയ്യാം

**www.hosannaradio.info**



## Command & Promise of the Month

### COMMAND

2 കൊരി.9:6

എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓർത്തുകൊൾവിൻ.'

### PROMISE

എഫെ.2:14

അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തേയും ഒന്നാക്കി, ചട്ടങ്ങളും കൽപ്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു






## GREEK Vocabulary

Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | καρδία | kardia | Heart | Matthew 22:37 |
| 2 | ψυχη | psuchē | Soul | Matthew 22:37 |
| 3 | διανοία | dianoia | Mind | Matthew 22:37 |
| 4 | ὀφθαλμος | ophthalmos | Eye | John 9:6 |
| 5 | ὠτίον | ōtion | Ear | Matthew 26:51 |


PEACE AND BLESSINGS BAHRAIN - 2017
YMCA
Bahrain
PRESENTS
നന്ദിയോടെ ഞാൻ
With a grateful heart
BINOY CHACKO
(30 years in gospel music)
Supported by
Prem Kumar
Malayalam Cine Artiste
Testimony and Message
Rose Bobby Thomas
Jiji Sam
At Abdulrahman Kanoo Int'l School,Salmabad
On November, 10th Friday
Concert starts at 06:45PM

# നിയന്ത്രിക്കപ്പെടേണ്ട നാവ്



പാസ്റ്റർ വിനിൽ സി. ജോസഫ്

നാവും ഒരു തീ തന്നെ. അതു നമ്മുടെ അവയവങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കുകയും ചെയ്യുന്നു (യാക്കോ.3:6)

പ്രിയ ദൈവമക്കളെ നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതും നാം ഏറ്റവും കൂടുതൽ അധികം പ്രയോജനപ്പെടുത്തുന്നതുമായ ഒരു അവയവമാണല്ലോ നാവ്. നാവില്ലെങ്കിൽ പാട്ടില്ല, പ്രസംഗമില്ല, സംസാരമില്ല, രുചിയില്ല. തികച്ചും ശോകാന്തരീക്ഷമായിരിയ്ക്കും. നാം നമ്മുടെ ദൈവത്തെ പാടുകയും സ്തുതിക്കുകയും ആരാധിക്കുകയും പ്രശംസിക്കുകയും ഉയർത്തുകയും ചെയ്യുന്നത് നാവുകൊണ്ടാണല്ലോ. ചിലർ സംസാര പ്രിയരാണ്, വാചാലരായി വിശാലമായി സംസാരിക്കാറുണ്ട്. പടയാളികളേക്കാൾ കരുത്തുറ്റ 32 പല്ലുകളെയാണ് നാവിന് ചുറ്റും കർത്താവ് തന്നത്. എങ്കിലും ചില സന്ദർഭങ്ങളിൽ അവയെ തോൽപ്പിച്ച് നാവ് പുറത്തുവരും.

ഈ അദ്ധ്യായത്തിന്റെ തുടക്കം സഹോദരന്മാരെ, അധികം ശിക്ഷാവിധി വരും എന്ന് അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. എല്ലാവരേയും ഉപദേശിക്കുന്നത് ഈ നാവ് കൊണ്ടാണല്ലോ, സ്വന്ത ജീവിതത്തിൽ നിയന്ത്രണം ഇല്ലാതെ. ആകയാൽ മനുഷ്യൻ പറയുന്ന ഏതു വാക്കിനും ദൈവം ന്യായം വിധിക്കും എന്നറിയുക. പൊട്ടച്ചൊല്ലും കളിവാക്കും ഇന്ന് ദൈവമക്കൾ ഒന്നിച്ചു കൂടുന്ന വേദിയിൽ ഉയരുന്നു, ദൈവഭയം കുറയുന്നു. വാക്കിൽ തെറ്റാത്തവൻ സൽഗുണ പൂർത്തിയുള്ള പുരുഷൻ എന്നാണ് അറിയപ്പെടുന്നത്. നാവിനെ യാക്കോബ് മൂന്നു വിധത്തിൽ ഉപമിക്കുന്നു. അത് കടിഞ്ഞാൺ, ചുക്കാൻ, തീ എന്നിവയാണ്.

## 1. കടിഞ്ഞാൺ - യാക്കോ. 3:3

കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ. പണ്ട് കാലത്ത് യുദ്ധത്തിനും യാത്രകൾക്കും രഥത്തിനു കെട്ടുവാനും കുതിരകൾ അത്യാവശ്യമായിരുന്നല്ലോ. കടിഞ്ഞാൺ ഉപയോഗിച്ചുള്ള നിയന്ത്രണം ഇത്ര ഉപകാരമായി മാറുന്നുവെങ്കിൽ നമ്മുടെ നാവിന്മേൽ ഒരു നിയന്ത്രണം ശരീരത്തിന് മുഴുവൻ അനുഗ്രഹമായിത്തീരും. ഏദോമ്യനായ ദോവേഗിന്റെ നാവിന് നിയന്ത്രണമില്ലാത്തതു നിമിത്തം 85 പുരോഹിതന്മാർ മരിക്കേണ്ടിവന്നുവല്ലോ (1 ശമു.22:9). സങ്കീ.39:1-ൽ നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു. ഇയ്യോബ് എന്ന ഭക്തൻ നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്ന് നമുക്ക് കാണാം (ഇയ്യോ.2:10).

## 2. ചുക്കാൻ - യാക്കോ.3:4

കപ്പലിനെ നിയന്ത്രിക്കുന്ന ഉപകരണം. വലുതും ചെറുതുമായ എത്രയോ കപ്പലുകൾ സമുദ്രത്തിലൂടെ യാത്ര ചെയ്യുന്നു. അനേക പ്രതിസന്ധി യാത്രയിൽ വരാം. കാറ്റുകൾ, ചുഴികൾ, മഞ്ഞുമലകൾ, എതിർദിശയിൽ നിന്ന് വരുന്ന മറ്റു കപ്പലുകൾ, എന്നാൽ ഈ വലിയ കപ്പലുകളെ ചുക്കാന്റെ സഹായത്താൽ പ്രശ്നങ്ങളെ അതിജീവിക്കുന്നു. ആകയാൽ നാവുകൊണ്ട് പാപം ചെയ്യാതെ, മറ്റുള്ളവരെ തമ്മിൽ അടിപ്പിക്കാതെ, ഇല്ലാത്ത കാര്യം പറഞ്ഞുനടക്കാതെ നാവിനാൽ വിഷയങ്ങളെ മാറ്റിവിടാം. യാക്കോ.3:8-ൽ നാവിനെയോ മനുഷ്യർക്ക് മെരുക്കാവതല്ല, അത് അടങ്ങാത്ത ദോഷം, മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യനെ അതിനാൽ ശപിക്കുന്നു.

## 3. തീ - യാക്കോ. 3:5

അങ്ങനെതന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടുകത്തിക്കുന്നു. നാവും ഒരു തീ തന്നെ. തീ എന്ന് കേൾക്കുമ്പോൾ ഭയം വരാറുണ്ട്. അനേക ദുർമരണങ്ങൾ തീയാൽ സംഭവിച്ചിട്ടുണ്ടല്ലോ. എന്നാൽ അതുപോലെ തീ വലിയ ഉപകാരിയും കൂടിയാണ്. നമുക്ക് ചൂട് തരുവാൻ, വെളിച്ചം തരുവാൻ, ഭക്ഷണം പാകം ചെയ്യുവാൻ എല്ലാം തീ അത്യന്താപേക്ഷിതം തന്നെ. നാവുകൊണ്ട് ഉപകാരികളായിത്തീരാനും അതുപോലെ ഉപദ്രവകാരികളായിത്തീരാനും പറ്റും. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ചു നീതി എന്ന ഫലം കൊയ്യും. സ്തോത്രം എന്ന അധരഫലം ഇടവിടാതെ ദൈവത്തിന് അർപ്പിച്ച് നമ്മുടെ നാവിനെ ക്രമപ്പെടുത്തി നിത്യതയ്ക്കായി ഒരുങ്ങാം.




# പഥികൻ



ജീമോൻ പഴയിടം
മൂന്നാർ

*മറുതീരമണയുന്ന യാത്രക്കാരാ*
*നിൻ ചുമലിലെ ഭാണ്ഡത്തിലെന്താണ്*
*ജീവന്റെ വചനമോ*
*എരിതീയിൻ ക്ഷണനമോ*
*ചൊല്ലുക ചിന്തിക്ക പോയീടുക... (മറുതീര...)*

*ഭാണ്ഡത്തിൻ ഭാരത്താൽ ക്ഷീണിതനാം*
*നിന്റെ ചുവടുകളിടറുന്നു സുനിശ്ചയം*
*ഗ്രഹിക്കുന്നു ഞാൻ നിന്റെ ഭാണ്ഡത്തിലുള്ളത്*
*എരിതീയിൻ ക്ഷണനമെന്നറിയുന്നു ഞാൻ... (മറുതീര...)*

*ചുമലിലെ ഭാരത്തെ ലഘുവാക്കിടാം*
*ഇടറുന്ന കാൽകളെ ദൃഢമാക്കിടാം*
*നല്ലിടയനെ തിരയുക മാർവ്വതിൽ ചായുക*
*പതറാതെ മുന്നോട്ട് പോയീടുക... (മറുതീര...)*

*വൻ തിരകളുയർത്തീടും ഈ യാത്രയിൽ*
*വൻ ചുഴികളുണ്ടാവാം ഈ യാത്രയിൽ*
*സംഹാര തിരകളെ ശാസിച്ചൊതുക്കിയ*
*മന്നരിൽ മന്നവൻ കൂടെയുണ്ട്... (മറുതീര)*

HH Rhythm


## പുതിയ മൊബൈൽ ആപ്പ്

**യുവഗ്രന്ഥകാരനും ഗാനരചിതാവുമായ ബിനു വടക്കുംചേരിയുടെ പുതിയ സൗജന്യ മൊബൈൽ ആപ്പ് പുറത്തിറങ്ങി. ലേഖനങ്ങൾ, കഥകൾ, അഭിമുഖങ്ങൾ, കവിതകൾ, പി.ഡി എഫ് ബുക്ക് - (ഉപദേശിയുടെ കിണർ), എം പി 3 ഗാനം (നിൻ സ്നേഹം എന്നിൽ..) തുടങ്ങി വ്യത്യസ്ത വിഭവങ്ങൾ കോർത്തിണക്കിയ നൂറിലേറെ രചനകളുടെ സമാഹാരമാണ് "Binu Vadakkencherry" മൊബൈൽ ആപ്പ്. ആദ്യപടിയായി ആൻഡ്രോയിഡിലും പിന്നീട് iOS ലും ലഭ്യമാകും. Shalom Design S2dio ആണ് നിർമാതാക്കൾ.**

Binu Vadakkencherry



*Prayerful wishes for a blessed married life to*

**Danny Varghese**

(S/o Pr. P.C. Varghese & Lizy Varghese)

**& Jessena**

*With best compliments*

Sharon Fellowshhip Church, Bahrain

# ഹന്ന – സ്ത്രീ ജനത്തിനൊരു മാതൃക

HH Sisters' Outlook



സുമാ സൈമൺ

‘ തന്റെ വിശുദ്ധന്മാരുടെ കാലുകളെ അവൻ കാക്കുന്നു‘ 1 ശമു.2:9

പ്രിയ സഹോദരിമാരേ, ഹന്നയെക്കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കേവർക്കും മാതൃകയാക്കാവുന്ന നമ്മെപ്പോലെ ഒരു സാധാരണ സ്ത്രീ ആയിരുന്നു അവർ. എന്നാൽ വേദപുസ്തകത്തിലെ അതിശ്രേഷ്ഠനായ പ്രവാചകൻ ശമുവേലിന്റെ അമ്മയായ ഹന്നയെ ആദരവോടുകൂടി അല്ലാതെ സ്മരിക്കുവാൻ ആർക്കെങ്കിലും കഴിയുമോ? എഫ്രയീം മലനാട്ടിലെ ഒരു സാധാരണ കുടുംബത്തിലെ പുരുഷൻ എല്ക്കാനയുടെ രണ്ടു ഭാര്യമാരിൽ ഒരാളായിരുന്നു ഹന്ന. ആദ്യ ഭാര്യയായിരുന്നോ അതോ രണ്ടാമതു വിവാഹം ചെയ്ത ഭാര്യ ആയിരുന്നോ എന്നൊന്നും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഹന്ന ആയിരിക്കും ആദ്യ ഭാര്യ എന്നു സ്വാഭാവികമായി നമുക്ക് ഊഹിക്കാം.

ഹന്നയിൽ നിന്നും തനിക്കു മക്കൾ ഉണ്ടാകുന്നില്ലല്ലോ എന്നുള്ള ചിന്തയിൽ നിന്നാകാം എല്ക്കാന പെനീനയെ രണ്ടാമതായി വിവാഹം ചെയ്തത്. അവളിൽ നിന്നും പുത്രന്മാരും പുത്രിമാരും ജനിക്കുകയും ചെയ്തു. ഇത് ഈ കുടുംബത്തിന്റെ സ്വസ്ഥത നഷ്ടപ്പെടാൻ കാരണമാവുകയും ചെയ്തു. മക്കളില്ലാത്ത ഹന്നയെ പെനീന നിന്ദിക്കുവാനും പരിഹസിക്കുവാനും തുടങ്ങി. ‘യഹോവ അവളുടെ ഗർഭം അടച്ചിരുന്നതിനാൽ അവളുടെ പ്രതിയോഗി അവളെ വ്യസനിപ്പിക്കുവാൻ തക്കവണ്ണം വളരെ മുഷിപ്പിച്ചു‘ (1 ശമു. 1:6). മാനസികമായി ഹന്ന വളരെ തകരുവാൻ ഇടയായി എങ്കിലും അതേ ചൊല്ലി പെനീനയോടു വഴക്കിടുവാനോ തന്റെ ഭർത്താവായ എല്ക്കാനയോടു പരാതിപ്പെടാനോ ഹന്ന തുനിയുന്നില്ല. പകരം വളരെ ഹൃദയനുറുക്കത്തോട ദൈവസന്നിധിയിൽ കരയുകയും ഉപവസിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഉൽ.30:1 മുതലുള്ള വാക്യങ്ങളിൽ റാഹേൽ സഹോദരിയോടു ആസൂയപ്പെട്ടിട്ട് യാക്കോബിനോട് തനിക്കു മക്കളെ തരേണം എന്നു പറഞ്ഞു അവനെ മുഷിപ്പിക്കുന്നത് കാണാം. നിനക്ക് ഗർഭഫലം തരാതിരേക്കണ്ടതിന് ഞാൻ ദൈവത്തിന്റെ സ്ഥാനത്തോ എന്നു പറഞ്ഞു അവൾക്കുനേരെ അവന്റെ കോപം ജ്വലിക്കുന്നു. ഈ രണ്ടു സംഭവങ്ങളും തമ്മിൽ തുലനം ചെയ്യുമ്പോൾ ഹന്ന റാഹേലിനേക്കാൾ സ്വഭാവഗുണത്തിൽ എത്രയോ ഉന്നത നിലവാരം പുലർത്തുന്നു എന്നു മനസിലാക്കാം.

ഹന്ന ദൈവത്തോടല്ലാതെ ആരോടും തന്റെ സങ്കടം പങ്കുവെയ്ക്കുവാൻ പോയില്ല. ഈ ലോകത്തിൽ അവളെ അത്യന്തം സ്നേഹിക്കുന്ന ഭർത്താവ് എല്ക്കാനയ്ക്കുപോലും അവളെ സഹായിപ്പാൻ കഴികയില്ലെന്നു അവൾ മനസിലാക്കി. എന്നാൽ എല്ക്കാന പെനീനയേക്കാൾ കൂടുതൽ ഹന്നയെ സ്നേഹിക്കയും വർഷാന്തരയാഗം കഴിക്കുമ്പോൾ പെനീനയ്ക്കും മക്കൾക്കും കൊടുക്കുന്നതിനേക്കാൾ ഇരട്ടിപങ്ക് ഹന്നയ്ക്കു കൊടുക്കയും ചെയ്തുപോന്നു.

ഇതുകൊണ്ടൊന്നും ഹന്ന തൃപ്തയായില്ല. ഒരു കുഞ്ഞിനുവേണ്ടി അവൾ മനോവ്യസനത്തോടെ വളരെ കരഞ്ഞ് ദൈവസന്നിധിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. തന്റെ സങ്കടം ഓർത്തു ഒരു പുരുഷസന്താനത്തെ നൽകിയാൽ അവനെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും, അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയും ഇല്ലായെന്ന് ദൈവസന്നിധിയിൽ നേരുകയും ചെയ്തു (വാക്യം 11). അതേ അവൾക്കു ലഭിക്കുന്ന ആദ്യ സന്താനത്തെതന്നെ ദൈവത്തിനു നിവേദിക്കായാണവൾ ചെയ്തത്. അവൾ മദ്യപിച്ചിരിക്കുന്നു എന്നു പറഞ്ഞു ഏലി പുരോഹിതൻ അവളെ പരിഹസിച്ചപ്പോൾ അവൾ മറുത്തൊന്നും പറയാതെ മനോവ്യസനമുള്ളതാൽ തന്റെ സങ്കടം യഹോവയുടെ സന്നിധിയിൽ പകരുകയായിരുന്നു എന്നു പറയുന്നു. വിഷയമൊന്നും അവൾ പറയുന്നില്ല.

മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത് എന്നവൾ വിശ്വസിച്ചു. അവളുടെ വിശ്വാസത്തെ ദൈവം ആദരിച്ചു. അവളുടെ സങ്കടം ദൈവം കണ്ടു. ഹൃദയം നുറുങ്ങിയുള്ള അവളുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി ഒരു ആൺ പൈതലിനെ തന്നെ ദൈവം അവൾക്കു നൽകി. അവൾ നേർന്നതുപോലെ തന്റെ മകനെ പത്ഥ്യോപദേശത്തിൽ തന്നെ വളർത്തി ദൈവത്തിന്റെ ജനമായ യിസ്രായേലിനു ന്യായപാലനം ചെയ്‌വാൻ ഒരുക്കിയെടുത്തു. സദൃ.22:6 –ൽ പറയുന്നു ‘ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടു മാറുകയില്ല‘. ഈ വചനം ഹന്നയുടെ ജീവിതത്തിലും ശമുവേൽ പ്രവാചകന്റെ ജീവിതത്തിലും അന്വർത്ഥമായി. ഇന്നു പല മാതാപിതാക്കൾക്കും വളർന്നു വരുന്ന തങ്ങളുടെ തലമുറകൾ ഒരു തലവേദനയായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നാം കാണുന്നത്.

ഹന്ന താൻ ദൈവസന്നിധിയിൽ നേർന്നതുപോലെ ശമുവേൽ ബാലനെ എല്ക്കാനയുടെ സമ്മതത്തോടെ തന്നെ ദൈവാലയത്തിൽ കൊണ്ടുചെന്ന് ജീവപര്യന്തം ദൈവത്തിനായി നിവേദിക്കുന്നു. ദൈവം അവരെ മാനിച്ചു. 1 ശമു.2:30 – ൽ ‘ എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും. എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും‘ എന്നെഴുതിയിരിക്കുന്നു. ഒരു പുത്രനു പകരം മൂന്നു പുത്രന്മാരേയും രണ്ടു പുത്രിമാരേയും നൽകി ദൈവം ഹന്നയെ ഏറ്റവും അനുഗ്രഹിച്ചു.

രണ്ടാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള വാക്യങ്ങൾ ഹന്ന ദൈവത്തിനു മഹത്വം കൊടുത്തു പ്രാർത്ഥിക്കയാണ്. അതിലെ ഓരോ വാക്യങ്ങളും നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നവയാണ്. അതിന്റെ 9–ാമത്തെ വാക്യമാണ് ഞാൻ മുഖവുരയായി കൊടുത്തിട്ടുള്ളത്. സങ്കീ. 121:3 ൽ ‘നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല‘ എന്നു നാം വായിക്കുന്നു. ദൈവസന്നിധിയിൽ വിശ്വസ്തയോടെ വിശുദ്ധിയോടെ നിൽക്കുന്ന ഏവരേയും ദൈവം മാനിക്കുന്നു, കാക്കുന്നു. ദൈവസന്നിധിയിൽ ഹന്ന വിശ്വസ്തയായിരുന്നു.

സഹോദരിമാരെ, ഹന്നയിൽ നിന്നും വളരെയധികം ഗുണപാഠങ്ങൾ നമുക്ക് പഠിക്കുവാനുണ്ട്. ആ ഉൽകൃഷ്ഠമായ ജീവിതത്തെ നമുക്ക് മാതൃകയാക്കാം. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!



A SPARROW'S FAITH 4

# When PRAYER is a struggle... TEARS will do



Raji Unnikrishnan

Melanie broke down, as she started to pray for Carol, as Daniel helplessly watched.

A heavily drunk Carol was perplexed not knowing how to console Melanie, whom she met half an hour ago as she was staggering to her car from the bar.

Not knowing what to say, she walked away leaving behind a sobbing Melanie.

...

The young college student who is now sobbing was all so cheerful when she offered to accompany Carol home to ensure that the latter reaches home safe. Melanie was doing her part of the mission which her Christian youth group did every weekend – offering assistance to drunk drivers and as they drove home together, to share the Gospel.

Carol nodded yes to Melanie and her friend Daniel, when they offered to drive her home, as she was drunk and yes, a bit surprised as well. On the way the two young women picked up a conversation while Daniel drove. Carol walked the two through her life – painting the bleakest picture ever.

A lonely childhood, an abused teenage and a youth drenched in drugs and drinks – Carol's father was in the prison for murder charges and mom a prostitute. As she, in a half daze state and without shame shared her story, Melanie felt a lump in heart, while Daniel tried hard to focus on his driving, blinking away his tears.

As they pulled over to a drive way which Carol said was where she lived, Melanie asked if she could pray for her, to which she nodded in yes.

"Our Father in Heaven, we thank you for Carol," said Melanie.

Carol cut her short.

"Are you thanking God for me?

Why should you be thanking God for a person like me?" she bumbled as she swayed.

Melanie knew not what to say. Words poured into her brain and heart – all those messages of love of Christ and about the Saviour who went looking for the one lost sheep leaving behind a hundred, a God so merciful – but only tears trickled down her cheeks.

Carol continued.

"Don't thank God for me – for I am a lost soul – I have been through everything what you term as sin in this world, I have no God-fearing parents, nor am I am holy for you to be thanking God for me.

"I was once abused and then I let myself be, I drink to forget this life, which I know is in deepest of pits of dirt and mire.

"Don't thank God for me..."

Her voice fainted, as she limped along the stone pavement towards a door in the corner of the dark alleyway.

Melanie broke down as she kneeled and wailed to God for herself and Carol...

This is a real incident narrated by my daughter about her friends (names changed) who are all part of the youth mission called "Cat Cabs" of the Xi Alpha, a youth movement in her University.

The incident set me thinking - what do we do when praying gets so hard? How easy is it to pray for or speak the Gospel to people who feel so lost, unwanted and ugly? I found an answer and I hope my answer helps you as well...

When prayer is as struggle, tears will do.

"You keep track of all my sorrows. You have collected all my tears in your bottle. You have recorded each one in your book." Psalm 56:8

-A Sparrow

## യാത്ര അയപ്പ് നൽകി

HH Studio



'ബെഥേൽ ചർച്ച്, ബഹറിൻ'
പാസ്റ്റർ ബിനീഷ് സ്കറിയക്ക് യാത്ര അയപ്പ് നൽകി
പാസ്റ്റർ ഷാജി വി. ജോണും പാസ്റ്റർ കെ.ജെ. കുര്യനും ചേർന്ന്
മെമന്റോ നൽകുന്നു.




# "ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന്"...




സങ്കീ. 119: 9-16. ഒരു ചോദ്യത്തോടുകൂടിയാണ് എബ്രായ അക്ഷരമാലയിലെ 2-ാം അക്ഷരമായ 'ബേത്ത്' അക്ഷരത്തിനു കീഴെ ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ ഭാഗം ആരംഭിക്കുന്നത്. 'സങ്കീർത്തന ആഖ്യാന രീതിയുടെ വേറിട്ടൊരു ശൈലി' പറയുവാൻ പോകുന്ന വിഷയത്തിന്റെ പ്രാധാന്യം വായനക്കാരനിലേക്ക് ആഴത്തിലിറങ്ങുവാൻ ഇത് സഹായിക്കുന്നു (ഉദാ. 15:1, 8:1, 121:1). ഇവിടെ ചോദ്യത്തിന്റെ ഉത്തരം അതിനോട് ചേർന്നു തന്നെ സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നു. അതായത് നടപ്പ് നിർമ്മലമാകുവാൻ മറ്റു യാതൊരു കുറുക്കു വഴികളുമില്ല മറിച്ച് ദൈവത്തിന്റെ വചനപ്രാകാരം അതിനെ സൂക്ഷിക്കുക മാത്രമേയുള്ളൂ എന്ന പ്രധാന സന്ദേശം കൃത്യമായി, ഫലപ്രദമായി കൈമാറി കഴിഞ്ഞിരിക്കുന്നു. 119:1 ലെ ആശയവും 119:8 ലെ ആശയവും ഒന്നുതന്നെ. നിഷ്കളങ്കമായ നടപ്പ്, നിർമ്മലമായ നടപ്പ്. രണ്ടിനും ആധാരമായിക്കുന്നത് യഹോവയുടെ ന്യായപ്രമാണം അഥവ വചനം തന്നെ.




ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ ? എന്നു ചോദിച്ചിരിക്കുന്നതുകൊണ്ട് മറ്റാർക്കും ഈ ഭാഗം ബാധകമല്ലെന്ന് ചിന്തിക്കുകവയ്യ. വഴിതെറ്റി പോകുവാനുള്ള സാദ്ധ്യത ബാല്യത്തോടും, യൗവ്വനത്തോടും ചേർന്നു നിൽക്കുമ്പോൾ തന്നെ യഹോവയുടെ നല്ല വഴികളെ തിരഞ്ഞെടുക്കേണ്ട എറ്റവും നല്ല പ്രായം ബാല്യം തന്നെയാണ്. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു ജീവിതം മുഴുവൻ നഷ്ടമായി പോയവരോടല്ലാ മറിച്ച് നാളെകൾ മുമ്പിലുള്ള യൗവ്വനക്കാരോടാണ് സങ്കീർത്തനക്കാരൻ ആമുഖമായി പ്രബോധിപ്പിക്കുന്നത്. അവിടെയവർ പരാജയപ്പെട്ടുപോകാതിരിക്കട്ടെ. വഴികളെ സൂക്ഷിക്കുക എന്നു പറഞ്ഞാൽ ദൈവവചനം അനുശാസിക്കുന്ന നിത്യതയെ മുൻനിറുത്തികൊണ്ടുള്ള വഴി/രീതി തിരഞ്ഞെടുത്ത് അതിൽ മുന്നേറുക എന്നതു തന്നെയാണ്. അതിനായി പൂർണ്ണഹൃദയത്തോടുകൂടെ സങ്കീർത്തനക്കാരൻ യഹോവയെ അന്വേഷിക്കുന്നു. ഹൃദയംഗമായി പ്രാർത്ഥിക്കുന്നു. നിന്റെ കൽപ്പനകളെ വിട്ടു നടപ്പാൻ എനിക്ക് ഇടവരരുതേ, കാരണം നിർമ്മലമായ ഒരു നടപ്പാണ് താൻ ആഗ്രഹിക്കുന്നത്.

അതിനായി ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. സമൂഹത്തിന്റെ നിലവാരത്തിന് അനുസരിച്ച് നടപ്പ് ക്രമീകരിക്കുവാൻ ഭൂരിഭാഗം ആളുകളും വ്യഗ്രത കാണിക്കുമ്പോൾ ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ച ഭക്തൻ പാപവഴികളിൽ നിന്നും വിട്ടുമാറി ദൈവത്തെ സ്തുതിക്കുന്ന വാക്കുകളാണ് 12 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. യഹോവേ നീ വാഴ്ത്തപ്പെട്ടവൻ യഹോവയുടെ കൽപ്പനകളെ ചട്ടങ്ങളെ ഓർത്തു സ്തുതിക്കുന്ന സങ്കീർത്തനക്കാരൻ ദൈവത്തോടും വീണ്ടും അപേക്ഷിക്കുന്നു നിന്റെ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചു തരണമേ! എന്തിനുവേണ്ടിയാണ് ? 'എന്റെ അധരങ്ങൾകൊണ്ട് നിന്റെ വായിൽനിന്നും വരുന്ന വിധികളെ ഒക്കേയും വർണ്ണിക്കുവാൻ'. വർണ്ണിക്കുക എന്നതിനു എണ്ണി എണ്ണി സ്തുതിക്കുക എന്നാണർത്ഥമുള്ളത്.

119:14 ലെ ന്യായപ്രമാണത്തിനു തത്തുല്ല്യമായ പദം 'സാക്ഷ്യങ്ങളുടെ വഴിയിൽ' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അഥായത് ജീവിതത്തിന്റെ സമസ്തമേഖലകളേയും ദൈവീക ന്യായപ്രമാണത്തിന്റെ ചട്ടങ്ങളാൽ, സാക്ഷ്യത്താൽ നിയന്ത്രണിക്കപ്പെടുന്ന വഴികൾ. അങ്ങനെയുള്ള വഴികളിൽ മുന്നേറുന്നത് ജീവിത ആനന്ദമായി കാണുന്നു സങ്കീർത്തനക്കാരൻ. സർവ്വസമ്പത്തിനേക്കാൾ ഏറെ ദൈവത്തിന്റെ ശബ്ദം കേട്ട്, നീതിയുടെ വഴികളിൽ അനുസരിച്ച് മുന്നേറുന്നതാണ് ജീവിതഭാഗ്യം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒരു സഞ്ചാരി തനിക്ക് ലഭിച്ച റൂട്ട്മാപ്പ് നോക്കി മുന്നോട്ടു പോകുന്നതുപോലെ ദൈവത്തിന്റെ പ്രമാണങ്ങളെ ധ്യാനിക്കുകയും അതിനനുസരിച്ച് വഴികളിൽ സൂക്ഷ്മതയോടെ മുന്നേറുകയും ചെയ്യുന്നു.

14-ാം വാക്യം സാക്ഷ്യങ്ങളുടെ വഴികളിൽ ആനന്ദിക്കുന്ന സങ്കീർത്തനക്കാരൻ പറയുന്നു 'ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും', അതായത് തന്നെ സംബന്ധിച്ചടുത്തോളം ന്യായപ്രമാണത്തിന്റെ ആചരണം ആനന്ദമാണ്. അതിന്റെ അനുസരണത്തിൽ താൻ രസിക്കുന്നു. നിന്റെ വചനത്തെ ഞാൻ മറക്കുകയില്ല. ദൈവമേ ഞാൻ നിന്റെ വചനത്തെ ലാഘവബുദ്ധിയോടെ കാണില്ല, അവഗണിക്കില്ല. അവയെ ഞാൻ ഓർക്കും, ധ്യാനിക്കും, വർണ്ണിക്കും, ഞാൻ അതിൽ ആനന്ദിക്കും, രസിക്കും.

# ഇനി ദിവസവും മത്തി കഴിക്കണം, കാരണം...



Hello Health

***മത്തിയുടെ ആരോഗ്യ ഗുണങ്ങൾ വളരെ കൂടുതലാണ്. ഇത് ആരോഗ്യത്തിന് പല തരത്തിലുള്ള ഗുണങ്ങൾ നൽകുന്നു. മീൻ വറുത്തും, കറിവെച്ചും, അച്ചാറാക്കിയും, ചമ്മന്തിയാക്കിയും, ബിരിയാണിയാക്കിയും കഴിക്കുന്നവരാണ് നമ്മളെല്ലാവരും. എന്തൊക്കെ ആരോഗ്യ ഗുണങ്ങളാണ് മത്തി കഴിക്കുന്നതിലൂടെ നമുക്കുണ്ടാവുക എന്ന് നോക്കാം.***

**1. ഹൃദയാരോഗ്യം സംരക്ഷിക്കുന്നു.**
ഹൃദയാരോഗ്യത്തിന്റെ കാര്യത്തിൽ മുന്നിലാണ് മത്തി. ഇതിലുള്ള ഒമേഗ 3 ഫാറ്റി ആസിഡ് ഹൃദയത്തിനെ പ്രതിസന്ധിയിലാക്കുന്ന ട്രൈഗ്ലിസറൈഡ്സ് ഇല്ലാതാക്കി നല്ല കൊളസ്ട്രോൾ വർദ്ധിപ്പിക്കുന്നു.

**2. ക്യാൻസറിന് പരിഹാരം.**
മീനിലെ ഒമേഗ 3 ഫാറ്റി ആസിഡ് തന്നെയാണ് ഇവിടേയും സഹായിക്കുന്നത്. ക്യാൻസർ കോശങ്ങളോട് പൊരുതാൻ ഇത് വളരെയധികം സഹായിക്കുന്നു.

**3. ആർത്രൈറ്റിസിന് പരിഹാരം.**
ആർത്രൈറ്റിസ് പോലുള്ള പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് വളരെയധികം സഹായിക്കുന്നതാണ് മത്തി. മത്തി ദിവസവും ശീലമാക്കുന്നത് എന്തുകൊണ്ടും ആർത്രൈറ്റിസിനെ ഇല്ലാതാക്കുന്നു.

**4. കാഴ്ചശക്തി വർദ്ധിപ്പിക്കുന്നു.**
കാഴ്ചശക്തി വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ഒന്നാണ് മത്തി. ഗ്ലൂക്കോമ, ഡ്രൈ ഐ തുടങ്ങിയ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാണ് മത്തിയും മറ്റു മത്സ്യങ്ങളും.

**5. ബുദ്ധിശക്തി വർദ്ധിപ്പിക്കുന്നു.**
ബുദ്ധിശക്തി വർദ്ധിപ്പിക്കുന്നതിൽ ഏറ്റവും മുന്നിലാണ് മത്തി. മത്തി കുട്ടികൾക്ക് കൊടുക്കുന്നത് അവരുടെ തലച്ചോർ വികസിക്കുന്നതിനെ സഹായിക്കുന്നു.

**6. തടി കുറയ്ക്കാൻ സഹായിക്കുന്നു.**
തടി കുറയ്ക്കുന്നതിന് യാതൊരു സങ്കോചവും ഇല്ലാതെ കഴിക്കാവുന്ന ഒന്നാണ് മത്തി. മീനിൽ അടങ്ങിയിട്ടുള്ള ഫിഷ് ഓയിൽ ആണ് കൊഴുപ്പ് കുറച്ചു തടി കുറയ്ക്കുന്നത്.

**7. രക്തം കട്ട പിടിക്കുന്നത് തടയുന്നു.**
രക്തം കട്ട പിടിക്കുന്നത് മരണത്തിലേക്ക് വരെ എത്തിക്കാൻ കാരണമാകും. എന്നാൽ ഇനി ഇത്തരം പ്രതിസന്ധികളിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ സഹായിക്കുന്നതാണ് മത്തി. മത്തി മാത്രമല്ല പല മത്സ്യങ്ങളും ഇത്തരത്തിൽ രക്തം കട്ട പിടിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങളെ ഇല്ലാതെയാക്കുന്നു.

# നമ്മുടെ അടിസ്ഥാനം ക്രിസ്തുവിലോ?




ലിറ്റി ഷിന്നി

ഉറപ്പായ അടിസ്ഥാനമാണ് എതൊരു വസ്തുവിനേയും നിലനിർത്തുന്നത്. അടിസ്ഥാനം ബലവത്തല്ലെങ്കിൽ കെട്ടിടം എത്ര വലിയതാണെങ്കിലും ശക്തിയുള്ളതായാലും തകർന്നു വീഴും. വലിയ നിലകളുള്ള കെട്ടിടങ്ങൾക്ക് വളരെ ഉറപ്പുള്ള അടിസ്ഥാനം ഇടുവാൻ അത് നിർമ്മിക്കുന്നവർ ശ്രദ്ധിക്കാറുണ്ട്.

വൃക്ഷങ്ങളുടെ വേരുകൾ ആഴത്തിലിറങ്ങി മണ്ണിൽ പിടിച്ച് നിൽക്കുന്നതുകൊണ്ടാണ് എത്ര വലിയ കാറ്റുകൾ അടിച്ചാലും അത് ഉറപ്പോടെ നിൽക്കുന്നത്. വേരിന്റെ ബലം നിർജ്ജീവമാകുമ്പോഴാണ് പ്രതികൂലങ്ങൾ വരുമ്പോൾ തകർന്നുവീഴുന്നുതും നശിക്കുന്നതും.

മണലിലും പാറമേലും പണിത വീടുകൾ പ്രതികൂലത്തിന്റേയും പ്രതിസന്ധികളുടേയും അനുഭവത്തിലൂടെ പോകേണ്ടി വന്നു. എന്നാൽ പാറമേൽ അടിസ്ഥാനമിട്ട വീട് ഉറച്ചു നിന്നു. കാറ്റിനോ തിരമാലകൾക്കോ അതിനെ തകർക്കുവാൻ കഴിഞ്ഞില്ല.




ക്രിസ്തുവിൽ അടിസ്ഥാനം ഇടുന്നവർ ഏത് പ്രതികൂലത്തിന്റെ മധ്യത്തിലും പ്രതിസന്ധികളുടെ തിരയിളക്കത്തിലും ഉറപ്പോടെ നിൽക്കും. ക്രിസ്തുവിൽ അടിസ്ഥാനമിട്ടിരിക്കുന്ന ദൈവപൈതലിനെ ഇല്ലാതാക്കാൻ ഒരു പ്രതികൂലങ്ങൾക്കും കഴികയില്ല. നമ്മുടെ അടിസ്ഥാനം ഉറപ്പുള്ളതാണോ ? അതൊ പുറമേ കാണുന്ന ഭംഗിയിലാണോ നമ്മുടെ നിലനിൽപ്പ്? സാഹചര്യങ്ങൾക്കനുസരണമായി പണത്തിലും, ശക്തിയിലും, വിദ്യാഭ്യാസത്തിലും ആശ്രയിക്കുമ്പോൾ ദുർബലപ്പെടുന്നത് ദൈവത്തിലുള്ള നമ്മുടെ അടിസ്ഥാനമാണ്.

പലപ്പോഴും ലോകത്തിലെ പല ആകർഷണങ്ങളും ലൗകീക സുഖങ്ങളും വർദ്ധിക്കുമ്പോൾ പലരും വീണുപോകുന്നത് ക്രിസ്തുവിൽ അടിസ്ഥാനമില്ലാത്തതുകൊണ്ടാണ്. പുറമേ പാട്ടും കൈയ്യടിയും ഭക്തിയും വിശുദ്ധിയും ഉണ്ടെങ്കിലും അവസരം വരുമ്പോൾ പാപത്തിന്റെ മുമ്പിൽ വീണുപോകുന്നത് ഉറപ്പില്ലാത്ത അടിസ്ഥാനം ഉള്ളതുകൊണ്ടാണ്. അതുകൊണ്ടാണ് ക്രിസ്തുവിൽ ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയ അപ്പൊസ്തൊലനായ പൗലോസ് പറഞ്ഞിരിക്കുന്നത് 'ദൈവസ്നേഹത്തിൽ നിന്നും എന്നെ വേർപിരിക്കുവാൻ ഒരു ശക്തിയ്ക്കും കഴിയില്ല' എന്ന്.

നമ്മുടെ അടിസ്ഥാനങ്ങളെ തകർത്തുകളയുവാനും ഉറപ്പുള്ള നിലനിൽപ്പിനെ ഇല്ലാതാക്കുവാനും പല പ്രലോഭനങ്ങളും പ്രതികൂലങ്ങളും നേരിടാം. എന്നാൽ പ്രാർത്ഥനയിലും വചനധ്യാനത്തിലും വിശുദ്ധ ജീവിതത്തിലും നിലനിന്നുകൊണ്ട് അവയെ നമുക്ക് അതിജീവിക്കാൻ കഴിയണം.

ആത്മീയരെന്ന് സമൂഹം വീക്ഷിക്കുന്നവർ ദൈവീക വിശ്വാസവും മാനുഷിക മൂല്യങ്ങൾ പോലും നഷ്ടമാക്കി ലോകത്തിന്റെ പുറകേ യാത്ര ചെയ്യുന്ന ഇന്നത്തെ സമൂഹത്തിൽ, ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട്, ആ ഉറപ്പുള്ള പാറയിൽ ആശ്രയംവെയ്ക്കാം...തളരരുത്...ദൈവമാണ് നമ്മെ വിളിച്ചിരിക്കുന്നത്!

## യേശുവിന്റെ പുനഃരാഗമനം



ഷെറിൻ വർഗീസ്
നേപ്പാൾ

സ്വർഗ്ഗീയ മഹിമവെടിഞ്ഞു മാനവകുലത്തെ വീണ്ടെടുപ്പാൻ
ഈ ലോക മനുജനായ് അവതരിച്ചേശുതൻ ശിക്ഷ്യരോടൊത്ത്
അത്ഭുതഅടയാളങ്ങളാൽ സുവിശേഷീകരിച്ചീ ലോകപാപങ്ങ-
ളേറ്റുവാങ്ങി ക്രൂശുമരണം വരിച്ചു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു

സ്വർഗ്ഗാരോഹണം കണ്ടു മനംകലങ്ങിയ ശിക്ഷ്യരോ ഓർത്തു
കർത്തൻതൻ വചനം 'ഞാൻ പോകുന്നു സ്ഥലം ഒരുക്കുവാൻ'
വീണ്ടും വന്നീടും തൻകാന്തയെ ചേർക്കുവാൻ ആരുമറിഞ്ഞിടാ-
നാഴികയിൽ ഉണരുക! വിശുദ്ധിയോടൊരുങ്ങുക കാലമിനിയധികമില്ല

അൽപ്പമാം താമസമെന്തിനോ- പാപീ-നീയും അവകാശിയാകുവാൻ
മേഘാരൂഢനായ് എത്തിടും കാന്തനെ എതിരേൽക്കുവാൻ
ലോകസംഭവങ്ങൾ കാന്തന്റെ വരവറിയിക്കുന്നു! സർവ്വകണ്ണും കാണും
സ്നേഹസ്വരൂപനാം യേശുവിൻ പൊന്മുഖം തേജസേറും കാന്തന്റെ രൂപം

സർവ്വ വിശുദ്ധരോടൊപ്പം പിതാവിൻ മഹത്വത്തിൽ ദൂതരുമായ്
തേജസോടെ വെളിപ്പെടും വേളയിൽ പ്രതിഫലം നൽകിടും
സ്വർഗ്ഗീയവിളിക്ക് ഓഹരിക്കാരായോരെ! നിൻ നന്മ പ്രവൃത്തിക്ക്
കരുതുക എണ്ണയെ തെളിയട്ടെ ദീപങ്ങൾ കാന്തനിതാ വാതിൽക്കൽ

കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും
ദൈവീക കാഹളനാദത്തോടും വാനമേഘങ്ങളിൽ വന്നീടുമ്പോൾ
ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തിടും മന്നിലെ വിശുദ്ധർ രൂപാന്തരായിടും
ലോകം സാക്ഷിയാകുമപൂർവ്വ നിമിഷത്തിൽ വാനമേഘേ എടുക്കപ്പെടും

ലോകം ശാസ്ത്രം കാത്തിരിക്കുന്നു ദൈവവചന നിവൃത്തിക്കായ്
വാഗ്ദത്തം തന്നവൻ വാക്കു പറഞ്ഞവൻ വേഗം പുനരാഗമിക്കും
ശുദ്ധരോ ആർത്തുല്ലസിച്ചു പ്രാക്കളെപ്പോലെ പറന്നുയർന്നീടും
പാപിയോ നിത്യനാശമെന്ന ശിക്ഷാവിധിയിൽ അകപ്പെടും നിശ്ചയം!

HH Rhythm



Dr. Hope

പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

## 'സഭയ്ക്കുള്ള പേരുകൾ'

2

1. നടുതലയുടെ മുള - യെശ. 60:21
2. നേരുള്ളവരുടെ സംഘം - സങ്കീ. 111:1
3. മണവാട്ടി - വെളി. 21:9
4. വിശുദ്ധന്മാരുടെ സംഘം - സങ്കീ. 89:7
5. വിശുദ്ധനഗരം - വെളി. 21:8
6. സത്യത്തിന്റെ തൂണും അടിസ്ഥാനവും – 1 തിമൊ.3:15
7. സഭ - എബ്രാ. 12:23
8. സഭയായ ദേവാലയം – 1 തിമൊ.3:15, എബ്രാ. 10:21
9. സ്വർഗ്ഗത്തിലെ കുടുംബം - എഫെ. 3:14
10. സ്വർഗ്ഗീയ യെരുശലേം - എബ്രാ. 12:22

# BMCC MUSICAL EVENING

16th October 2017

ബഹ്റിൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ ഒക്ടോബർ 16, 2017 ൽ നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിൽ സംഘടിപ്പിച്ച മ്യൂസിക്കൽ ഈവനിംഗ് വേറിട്ടൊരു അനുഭവമായിരുന്നു ദൈവജനത്തിന് സമ്മാനിച്ചത്. പതിനൊന്ന് സഭകളിലെ ക്വയറുകളെ ഒരൊറ്റ വേദിയിലെത്തിക്കാൻ ബി.എം.സി.സിയ്ക്ക് കഴിഞ്ഞു എന്നുള്ളത് ഒരു അഭിമാനകരമായ നേട്ടമാണ്. ബ്രദർ ജോർജ്ജ് ഉമ്മൻ പ്രാർത്ഥിച്ചാരംഭിച്ച സംഗീത സായാഹ്നം അദ്ധ്യക്ഷത വഹിച്ചത് ബ്രദർ ജിജോ അങ്കമാലി ആയിരുന്നു. ബ്രദർ ജോർജ് ജോസഫ് സങ്കീർത്തന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ പി.എം.ജോയി ദൈവവചന സന്ദേശം നൽകി. പാസ്റ്റർ ഷാജി വി ജോൺ, ബ്രദർ ജേക്കബ് ജോർജ്ജ് (പ്രസിഡന്റ്, ബി.എം.സി.സി), ബ്രദർ ജോസ് കെ ജോൺ (വൈസ് പ്രസിഡന്റ്, ബി.എം.സി.സി), ബ്രദർ ഉമ്മൻ ജോർജ് (സെക്രട്ടറി, ബി.എം.സി.സി) തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.


ബ്രദർ ജേക്കബ് ജോർജ്ജ്


ഡോ. പി.സി. എബ്രഹാം


പാസ്റ്റർ പി.എം. ജോയി


ബ്രദർ ജോർജ് ജോസഫ്


ബ്രദർ ജിജോ അങ്കമാലി


ബ്രദർ ജോസ് കെ ജോൺ


ബ്രദർ ഉമ്മൻ ജോർജ്



ബ്രദർ ജോർജ് ഉമ്മൻ


പാസ്റ്റർ ഷാജി വി ജോൺ

## ചർച്ച് ക്വയറുകൾ
































# MEPC COMMON WORSHIP MEETING
## October 2017


Pastor Jaison Kuzhivila Pastor M.S. Samuel USA Bro. Jacob George


Pastor T.T. Thomas








# അനുഭവഗാനങ്ങളുമായി സാം റ്റി. മുഖത്തല...

ഇന്നത്തെ കാലഘട്ടത്തിൽ ക്രിസ്തു കേന്ദ്രീകൃത ഗാനങ്ങൾ രചിക്കപ്പെടേ


പാസ്റ്റർ സാം റ്റി. മുഖത്തലയും കുടുംബവും

തിന്റെ ആവശ്യകത അദ്ദേഹം തുറന്നു പറഞ്ഞു. വചനാടിസ്ഥിതവും കർത്താവിനെ ഉയർത്തുന്നതുമായ ഗാനങ്ങളും, ഗാനരചയിതാക്കളും ഉാകട്ടെ എന്ന തന്റെ ആഗ്രഹവും പങ്കുവെച്ചു. താൻ പ്രതീക്ഷിക്കാതെ കടന്നുപോയ ജീവിതസാഹചര്യങ്ങളിൽ നിന്ന് പുറത്തു വന്ന അനേക ഗാനങ്ങൾ ദൈവമക്കൾക്ക് ആശ്വാസം പകരുന്നു എന്നതിനാൽ ദൈവം തന്നെ കടത്തിവിട്ട എല്ലാ ജീവിതവഴിത്താരകൾക്കായും ദൈവദാസൻ നിറകണ്ണുകളോടെ ദൈവത്തിന് നന്ദി പറഞ്ഞു.

ഇപ്പോൾ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് തിരുനൽവേലി ഡിസ്ട്രിക്കിന്റെ കോഡിനേറ്ററായി ചുമതല വഹിക്കുന്നു. ക്രിസ്ത്യൻ വേൾഡ് എന്ന ക്രിസ്തീയ പത്രത്തിന്റെ പത്രാധിപനായും, ഗാനരചയിതാവ്, എഴുത്തുകാരൻ, പ്രഭാഷകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിലും കർത്താവിന്റെ വേലയിലായിരിക്കുന്ന കർത്തൃഭൃത്യൻ പാസ്റ്റർ സാം റ്റി മുഖത്തല വിവിധ രാജ്യങ്ങളിൽ കർത്താവിന്റെ സാക്ഷ്യം വഹിക്കുന്നു. ഭാര്യ: ലിസി സാം, മക്കൾ : അക്സ റ്റി സാം, ആഷേർ റ്റി സാം. ഓർത്തു പ്രാർത്ഥിച്ചാലും.







# യഹോവ-യിരേ




പാസ്റ്റർ ലിജോ മാത്യു

വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്ന അബ്രഹാമിന്റെ വിശ്വാസത്തെ ദൈവം പരിശോധിക്കുന്നതാണ് ഉൽപ്പത്തി പുസ്തകം 22-ാം അദ്ധ്യായം. ദൈവീക വാഗ്ദത്തം കിട്ടിയതിനെതുടർന്ന് ഇരുപത്തിയഞ്ചു വർഷത്തെ കാത്തിരിപ്പിനുശേഷം ലഭിച്ച വാഗ്ദത്തസന്തതിയായ യിസഹാക്കിനെ മോറിയാദേശത്തു കൊണ്ടുചെന്ന് ദൈവം കൽപ്പിക്കുന്ന ഒരു മലയിൽ ഹോമയാഗം കഴിക്കുക എന്നതായിരുന്നു പരിശോധന. ദൈവം ഒരിക്കലും ദോഷത്തിനായി ഒരു മനുഷ്യനേയും പരീക്ഷിക്കുന്നില്ല (യാക്കോ.1:13). എന്നാൽ ഇവിടെ അബ്രഹാമിന്റെ ആത്മാർത്ഥതയും വിധേയത്വവും വിശ്വാസവും ദൈവം പരിശോധിക്കുകയാണ്. ദൈവിളികേട്ട് ചാർച്ചക്കാരേയും പിതൃഭവനത്തേയും സ്വന്തദേശത്തേയും വിട്ടു പുറപ്പെട്ട, ഇരുപത്തിയഞ്ച് വർഷങ്ങൾ കാത്തിരുന്നു ലഭിച്ചതായ വാഗ്ദത്തസന്തതി യിസഹാക്കോ, അതോ വാഗ്ദത്തം ചെയ്തത് നിവർത്തിക്കുവാൻ കഴിവുള്ളവനായ സർവ്വശക്തനായ ദൈവമാണോ അബ്രഹാമിന് വലിയത് എന്നുള്ളതായിരുന്നു പരിശോധിക്കുവാനിടയായത്. പക്ഷേ ഹൃദയം തകർത്തുകളയുന്ന പരീക്ഷയുടെ മുമ്പിലും പതറാതെ അബ്രഹാം വിശ്വാസത്തിൽ അടിയുറച്ച് മുമ്പോട്ടു പോകുവാനിടയായി.

നാം ഏറ്റവും സ്നേഹിക്കുന്നതിനെ ദൈവം നമ്മോടു ചോദിക്കുകയാണെങ്കിൽ നാം എന്തുമാത്രം മുടന്തൻ ന്യായങ്ങളും ഒഴിവുകഴിവുകളും പറഞ്ഞ് അതിൽ നിന്നും പിന്മാറുവാനിടയായിത്തീരും. ഇത് ദൈവശബ്ദമല്ല മറിച്ച് പിശാചിന്റെ തന്ത്രമായിരിക്കും എന്നുള്ള നിഗമനത്തോടെ നാം പുറകോട്ടു മാറും. എന്നാൽ മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതുപോലെ വിളിക്കുകയും ചെയ്യുവാൻ കഴിയുന്ന സർവ്വശക്തൻ ആണ് താൻ വിശ്വസിച്ച ദൈവം എന്നുള്ള ഉറപ്പ് അബ്രഹാമിനുണ്ടായിരുന്നു. അതുകൊണ്ട് അബ്രഹാം യിസഹാക്കുമായി യാത്ര തിരിച്ചു. മോറിയാദേശത്തിലെ ദൈവം കൽപ്പിച്ച മലയിലേക്ക് അവർ രണ്ടുപേരും നടന്നു പോകുമ്പോൾ ഹോമയാഗമായിത്തീരേണ്ട യിസഹാക്ക് പിതാവായ അബ്രഹാമിനോട് ചോദിക്കുന്ന ചോദ്യമാണ് അപ്പാ, തീയും വിറകുമുണ്ട്, എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ ?

ഏതൊരു പിതാവിന്റേയും ഹൃദയം തകർന്നുപോകുന്ന ചോദ്യമാണിത് എന്നാൽ തനിക്ക് നൂറു വയസുള്ളപ്പോൾ, തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിക്കാതെ ദൈവത്തിന്റെ വാഗ്ദാനത്തിൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട അബ്രഹാം, വിശ്വാസത്തോടെ മകനോടു പറഞ്ഞു ദൈവം തനിക്കുവേണ്ടി ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കികൊള്ളും മകനേ. അതായത് യഹോവ-യിരേ.


വിശ്വാസത്താൽ യഹോവയിരേ എന്നുച്ചരിച്ചുകൊണ്ട് മലയുടെ ഒരു വശത്തുനിന്ന് മുകളിലേക്ക് കയറിയ അബ്രഹാമിനുവേണ്ടി 'യഹോവയുടെ കരുതൽ' ഒരുങ്ങി കഴിഞ്ഞിരുന്നു. യാഗപീഠത്തിന്മേൽ വിറക് അടുക്കി അതിന്മേൽ താൻ സ്നേഹിക്കുന്ന തന്റെ ഏകജാതനായ യിസഹാക്കിനെ കെട്ടി അബ്രഹാം കൈനീട്ടി തന്റെ മകനെ അറുക്കേണ്ടതിനു കത്തി എടുത്തപ്പോൾ ബാലന്റെ മേൽ കൈവെക്കരുത് എന്ന ശബ്ദം കേട്ടു. ശബ്ദം കേട്ട സ്ഥലത്തേക്ക് തലപൊക്കി നോക്കിയപ്പോൾ ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപ്പെട്ട് കിടക്കുന്നതു കണ്ടു. ആ ആട്ടുകൊറ്റൻ ഈ ലോകത്തിന്റെ പാപത്തെ ചുമന്ന ദൈവകുഞ്ഞാടായ ക്രിസ്തുവിനെ സാദൃശീകരിക്കുന്നു.




നാം പൂർണ്ണമായി, ആഴമായി പുത്രനിൽ വിശ്വസിക്കുമ്പോൾ അവൻ തക്കസമയത്തു തന്റെ നല്ല ആത്മീയ ദാനങ്ങളേയും നിത്യജീവനേയും നൽകി നമ്മെ ആദരിക്കും. ഏദനിൽ നഷ്ടപ്പെട്ടുപോയ ആ പിതൃപുത്രബന്ധം ക്രിസ്തു എന്ന ദൈവ കരുതലിൽക്കൂടി നമുക്ക് ലഭിച്ചു.

നമ്മുടെ കർത്താവ് കരുതുന്നവനാകയാൽ നമ്മുടെ സകല ചിന്താകുലങ്ങളും അവന്റെമേൽ ഇട്ടുകൊണ്ട് സ്വാതന്ത്ര്യത്തോടും സന്തോഷത്തോടും സമാധാനത്തോടും നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനെ നമുക്ക് ഈ ലോകത്തിൽ മഹത്വപ്പെടുത്താം!


# Significance of water jars at CANA



O.C.Cherian Ooramvelil Edathua

Marriage at Cana as mentioned in John 2; 1-11 is very significant part in Holy Bible for it was the first miracle by Christ Jesus. Here we are emphasizing on the ceremonial stone war jars used for the miracle. These jars are only for certain holy rituals in the family, in a way mostly unattended and unused other times and will remain dry and empty.

Let us evaluate how our family relations now a days with in the house, mostly living together unattended each other like strangers. Are we are together only for some ceremonial function. Are we eating together, praying together and sharing together to keep the holiness where we dwell. Unless we are together to form a 'spiritual oasis', we may not enjoy the blessings from heaven. Human life has its Christian perfection when body, mind and spirit align together. For this to happen there should be a divine touch in everyone's life, as water changed to wine in colour, flavor and aroma.




Human life is almost like the stone jars. Externally it looks valued and impressive. But internally it is empty. That is spiritually it is empty. The divinity in heart and face is lost, most of our faces are even without smile. All these losses are recoverable when Jesus comes into our heart and life.

Mother of Jesus told His disciples 'Do what He tells you'. and they obeyed what He told them to do without questioning His purpose. He told them to fill all the six jars with water to the brim. We have to remember that these water jars are used for spiritual purity rituals. Let us consider ourselves as these jars and fill ourselves with purity and holiness, not partially but fully. Then God will work on us to make us precious and priceless. Let us not be 'sand and stone jars' without life and spirit, living here only for some ceremonial functions.

But, let us remember the verse, "Lord formed the man from the dust of the ground and breathed into the nostrils the breath of life and the man became a living being".

Each family is relevant for the future of the world for, even the nature is against humankind for the damages and torturing we do on it. We have to change for us and for our future generation to survive here. Let no devil and evil take up control on the world tomorrow.

# Did the Ten Commandments Exist Before Moses?



Rev. Georgy Mathew Alexios

*(Continued from last issue)*

### *Other Examples of Ten Commandments in Force Before Sinai*

The Bible gives examples of each of the Ten Commandments being kept before the time of Moses. When God called Jacob to return to Bethel, where God had appeared to him around 21 years before, Jacob said to all who were with him, "Put away the foreign gods that are among you, purify yourselves, and change your garments. Then let us arise and go up to Bethel; and I will make an altar there to God, who answered me in the day of my distress and has been with me in the way which I have gone" (Gen. 35:2-3). In fact it was a warning. Jacob knew that God forbade idolatry – which was breaking the SECOND COMMANDMENT. Telling his household to put away their idols fulfilled the principle in Prov. 16:6, "In mercy and truth atonement is provided for iniquity; and by the fear of the LORD one departs from evil."

When Abraham told King Abimelech that Sarah, his half-sister and wife, was merely his sister, he lied – breaking of the NINTH COMMANDMENT. Believing Abraham's word, Abimelech sent for Sarah. But notice Gen. 20:3-6, "But God came to Abimelech in a dream by night, and said to him, "Indeed you are a dead man because of the woman whom you have taken, for she is a man's wife." But Abimelech had not come near her; and he said, "Lord, will You slay a righteous nation also? Did he not say to me, 'She is my sister'? And she, even she herself said, 'He is my brother.' In the integrity of my heart and innocence of my hands I have done this." And God said to him in a dream, "Yes, I know that you did this in the integrity of your heart. For I also withheld you from sinning against Me; therefore I did not let you touch her."" If God had not intervened and stopped Abimelech, he would have committed adultery, which is a sin, and thereby he would have broken the SEVENTH COMMANDMENT.

When Joseph was tempted by the advances of Potiphar's wife, he "refused and said to his master's wife, "Look, my master does not know what is with me in the house, and he has committed all that he has to my hand. There is no one greater in this house than I, nor has he kept back anything from me but you, because you are his wife. How then can I do this great wickedness, and sin against God?"" (Gen. 39:8-9) Joseph was well aware that adultery was sin. This event occurred almost 250 years before the law was officially given by God to Israel through Moses at Mt. Sinai!

During the Israelites' travel to the Promised Land, God told them to gather their daily amount of manna each morning. On the morning before the weekly Sabbath, there would be enough for both days. This was because there will be no manna on the Sabbath, since it was the day of rest. God intended that the people rest on the Sabbath, rather than spend time gathering manna.

When some people deliberately broke the Sabbath by attempting to gather manna on the Sabbath, God said to Moses, "How long do you refuse to keep My commandments and My laws?" (Ex. 16:28) The account continues in Ex. 16:29-30, "See! For the LORD has given you the Sabbath; therefore He gives you on the sixth day bread for two days. Let every man remain in his place; let no man go out of his place on the seventh day." So the people rested on the seventh day." This shows that the FOURTH COMMANDMENT was in effect before the law was given at Mt. Sinai.

When the time came for Israel to enter the land of Canaan, the nations had surpassed the threshold of moral downfall. God knew that this would happen and had told Abraham about it, around 400 years earlier – "Now as for you, you shall go to your fathers in peace; you shall be buried at a good old age. But in the fourth generation they shall return here, for the iniquity of the Amorites is not yet complete" (Gen. 15:15-16). The word 'iniquity' comes from the Hebrew word 'avon' which means 'perversion, crooked behaviour, or sin.' The description of the iniquity and abominations committed by the Canaanites are described in Lev. 18:3-30. They included sacrificing their children in the fire to Molech, which was murder, every form of adultery and sexual perversion, and profaning the name of God. If there had been no law in force, there would not have been any iniquity or sin for the Amorites or any nation to commit.

*(Will be continued..)*




*Prayerful wishes for a blessed married life to*

**Soju Mathew & Nidhi Saji**

*With best compliments*

**Job Sunny**

പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത
പ്രാർത്ഥനാ വിഷയങ്ങളുമായി
നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ
ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ
ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും
നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ
നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ
നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Prayer Cell

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും
ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

# നീതിമാനാകുവാൻ



മനു വാലേൽ
കുവൈറ്റ്

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ അനുദിനം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കവേ, നിലച്ചു പോയ ഹൃദയം മാറ്റിവെച്ചു വിജയം കൈവരിച്ച ആരോഗ്യമേഖല തല മാറ്റിവയ്ക്കലിലൂടെ ചരിത്രം സൃഷ്ടിക്കുവാൻ തയ്യാറെടുക്കുമ്പോൾ, മനുഷ്യ നിർമ്മിത പേടകത്തിൽ അന്യഗ്രഹത്തിൽ പോയി താമസം ഉറപ്പിക്കാൻ മനുഷ്യൻ വെമ്പൽകൊള്ളുന്ന ഇന്നത്തെ കാലത്ത് ക്രൈസ്തവ ലോകത്ത് പിതാക്കന്മാർ പിമ്പറ്റിയ ആത്മീയ വിശ്വാസമൂല്യങ്ങളെ താൽക്കാലിക നേട്ടങ്ങൾക്കും കാര്യസാദ്ധ്യത്തിനും വേണ്ടി കാറ്റിൽ പറത്തി ലോകത്തിന്റെ നാനാ മോഹങ്ങളിൽ ഉഴന്നു നടക്കുന്ന ഒരു പുതുതലമുറയാണ് കാണുവാൻ കഴിയുന്നത്.

ഇന്നത്തെ തലമുറയിൽ നാം എങ്ങനെ ആയിരിക്കണം? ദൈവം നോക്കുമ്പോൾ നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനും ആയിരുന്നു. നോഹ ദൈവത്തോടുകൂടെ നടന്നു (ഉൽ.6:9). യഹോവ തന്നോട് കൽപ്പിച്ച പ്രകാരം ഒക്കേയും നോഹ ചെയ്തു (ഉൽ. 7:5). ഇന്നത്തെ തലമുറയിൽ നാം എങ്ങനെ ആയിരിക്കുന്നു എന്ന് ദൈവം നോക്കുമ്പോൾ നോഹയുടെ കാലംപോലെ മനുഷ്യപുത്രന്റെ വരവിലും ആകും എന്ന് (അടയാളം ചോദിച്ച ശിഷ്യന്മാരോട്) യേശു പറഞ്ഞതുപോലെ ഈ കാലഘട്ടത്തിലും ഭൂമിയിൽ വഷളത്വം പെരുകികൊണ്ടിരിക്കുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവ ഇഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കും. യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു. ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു. നീതിമാൻ ആറ്ററികത്തു നട്ടിരിക്കുന്ന വൃക്ഷം പോലേയും തക്കകാലത്ത് ഫലം കായക്കുന്നതും ഇല വാടാത്തതുമായ വൃക്ഷംപോലെയും ഇരിക്കും (സങ്കീ. 1:3).

ഊസ് ദേശത്ത് ഇയ്യോബിനെ ദൈവം ആ തലമുറയിൽ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായി കണ്ടു (ഇയ്യോ.1:1). പക്ഷേ തന്റെ പുത്രന്മാർ പാപം ചെയ്ത് ദൈവത്തെ ഹൃദയം കൊണ്ട് ത്യജിച്ചുപോയിരിക്കും എന്ന് പറഞ്ഞ് ആളയച്ച് അവരെ വരുത്തി അവരെ ശുദ്ധീകരിക്കുകയും അവരുടെ സംഖ്യയ്ക്ക് ഒത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കുകയും ചെയ്യും. ഇങ്ങനെ ഇയ്യോബ് എല്ലായ്പ്പോഴും ചെയ്തുപോന്നു. ഇയ്യോബ് ബഹുസമ്പന്നൻ ആയിരുന്നു എങ്കിലും അവൻ ദൈവത്തിൽ പൂർണ്ണമായി ആശ്രയം വെച്ചു. യഹോവ തന്നെ ആശ്രയം ആയിരിക്കുന്ന ജനം ഭാഗ്യമുള്ളത്. ഇന്ന് അനേകരും തങ്ങളുടെ സമ്പത്തിൽ ആശ്രയിച്ച് ദൈവത്തെ ത്യജിച്ചു നാനാവിധ മോഹങ്ങളിലും പെട്ടു ദൈവത്തിനു കൊള്ളാത്തവരായി മാറിക്കൊണ്ടിരിക്കുന്ന ഒരു തലമുറയിലാണ് നാം ഇന്ന് ആയിരിക്കുന്നത്.

ഇന്നത്തെ തലമുറയിൽ ദൈവഭക്തി കുറഞ്ഞു കൊണ്ടിരിക്കുന്നു. നാം നമ്മുടെ തലമുറയെ യഥാർത്ഥ ഭക്തിയിൽ വളർത്തിയാൽ അവർ അതോടൊപ്പം നിഷ്കളങ്കരും നേരുള്ളവരുമായി വളർന്നു വരുവാനിടയായിത്തീരും. ദൈവഭക്തി എന്നു പറയുന്നത് ഒരു യഥാർത്ഥ ദൈവപൈതലിന് ഉണ്ടായിരിക്കേണ്ട ഒന്നാമത്തെ സവിശേഷതയാണ്. ദൈവത്തോടുള്ള ആഴമായ സ്നേഹത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ദൈവഭയം എന്ന് അതിനെ നമുക്ക് നിർവ്വചിക്കാം.

സാധാരണയായി നമ്മുടെ കുഞ്ഞുങ്ങൾക്ക് ചെറുപ്രായത്തിൽ തന്നെ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാറുണ്ട്. അത് രോഗശമനത്തിന് അല്ല രോഗപ്രതിരോധത്തിനു വേണ്ടിയാണ്. ഒരു രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ മുൻകരുതൽ എടുക്കുന്നതാണ്. ലോകത്താൽ ഉള്ള കളങ്കം പറ്റാതെ തങ്ങളെതന്നെ സൂക്ഷിക്കുവാൻ ദൈവഭയം അത്യന്താപേക്ഷിതമാണ്. ഒരു ഡോക്ടറിന്റെ അടുത്ത് പോയാൽ ആദ്യം ചോദിക്കുക എന്താണ് രോഗം ഉണ്ടാകുവാനുള്ള കാരണം എന്നാണ്. അതിനുശേഷം മാത്രമേ ആവശ്യ മരുന്ന് നിർദ്ദേശിക്കുക. കാരണം ആ രോഗം നിശേഷം ഇല്ലാതെയാക്കുന്നതിന് അത് അത്യാവശ്യമാണ്.


നമ്മിലുള്ള പാപത്തെ അതിന്റെ ഉത്ഭവസ്ഥാനം കണ്ടുപിടിച്ച് അതിനെ വേരോടെ അറുത്ത് മാറ്റുന്നതോടൊപ്പം നമ്മുടെ തലമുറയ്ക്ക് പാപത്താൽ ഉള്ള കളങ്കം പറ്റാതെ ദൈവഭക്തിയിൽ അവരെ വളർത്തുവാൻ ദൈവവചനമാകുന്ന പാൽ കുടിപ്പിച്ച് അവരെ നിരന്തരം പഥ്യോപദേശത്തിൽ വളർത്തിയാൽ ഈ തലമുറയിൽ നാമും അടുത്ത തലമുറയിൽ അവരും ഒരുപോലെ ദൈവത്തെ പ്രസാധിപ്പിക്കുന്നവർ ആയിത്തീരുവാൻ ഇടയായിത്തീരും. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും.
എന്നാൽ ദാവീദ് സ്വയം പറയുകയാണ് ഞാനോ എന്റെ നിഷ്കളങ്കതയിൽ നടക്കും. നമുക്ക് അതുപോലൊരു തീരുമാനം എടുക്കാം. നാം എങ്ങനെ സംസാരിക്കണം, എന്തു സംസാരിക്കണം, എന്തു ചെയ്യേണം, എന്തു ചെയ്യരുത്, എങ്ങനെ നടക്കണം, എങ്ങനെ നടക്കരുത് എന്നീ കാര്യങ്ങൾ എല്ലാം വചനത്തിലൂടെ ദൈവം നമ്മെ അറിയിച്ചിരിക്കുന്നു. വചനപ്രകാരം ഓരോ ദിവസവും നമ്മെ ക്രമീകരിക്കേണ്ടത് നമ്മുടെ ജീവിതത്തിന് വളരെ അത്യാവശ്യമാണ്. പാപം എന്നു പറയുന്നത് ഒരു വിഷവിത്താണ്. അതിന്റെ ഫലം മരണമാണ്. ആ വിത്ത് നമ്മിൽ വളരുവാൻ നാം അനുവദിക്കരുത്. പാപത്തിന്റെ മറ്റൊരു വിഷവിത്താണ് അനുസരണക്കേട്. അത് ആദിമമനുഷ്യനായ ആദാമിൽ സാത്താൻ വിതയ്ക്കുകയും അത് വളർന്നു സഹോദരന്റെ കുലപാതകത്തിലേക്കും തുടർന്നു അടുത്ത തലമുറയിൽ ജനം സകലമ്ലേച്ഛതകളിലേക്കും തിരിയുവാനിടയായി. അതിനിടയിലും ദൈവത്തെ പ്രസാധിപ്പിക്കുന്നവരും ദൈവത്തോട് കൂടെ നടന്നവരും ഉണ്ടായിരുന്നു. ക്രൈസ്തവരായ നാം ഈ തലമുറയിലും വരുന്ന തലമുറയിലും മാതൃക ആയി വർത്തിക്കാം. അതിനായി ദൈവം സഹായിക്കട്ടെ!


## HH Artist





Shaun C.





Sheba C. Salaji

Since : 2006
Matha
Advertising Company S.P.C
Tel: (+973) 17877641
Fax: (+973) 17789641
P.O. Box 11952, Tubli
Kingdom of Bahrain
E-mail: mathawll@gmail.com
www.mathaadvertising.com
Digital Printing | Laser Cutting
Screen Printing | Promotional Items | Media | Events

اعلانات الفنار
Al Fanar
DESIGN THE COMMERCIAL ADVERTISEMENT
Tel: (+973) 17280619
Fax: (+973) 17280879
Ras Rumman, Shop 48,
Opposite Asharafs, Road 611
P.O. Box 11952, Manama
Kingdom of Bahrain
Screen Printing | Trophies | Shields | Gifts | Promotion Items
Memento | Sports Wares | Plaques & Medals

# സ്വർഗ്ഗരാജ്യത്തിന്റെ വിത്തു വിതക്കാം



പാസ്റ്റർ ഡാനിയൽ കുപ്ലാപ്പള്ളിൽ

മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിലെ എല്ലാ ഉപമകളും ചേർത്തുള്ള ഒരു പഠനമായി കഴിഞ്ഞ ലക്കം നാം ചിന്തിച്ചെങ്കിൽ ഈ ലക്കത്തിൽ ഉപമകളെ വേർതിരിച്ച് ചിന്തിക്കാം.

## വിത്തു വിതച്ചവന്റെ ഉപമ

കാർഷികവൃത്തിയിൽ എർപ്പെട്ടിരിക്കുന്ന ഒരു കൂട്ടത്തോട് വിത്തു വിതച്ച രീതിയെപ്പറ്റി സംസാരിക്കുമ്പോൾ അവർ കൂടുതൽ ശ്രദ്ധിക്കയും കാര്യങ്ങൾ കൂടുതലായി ഗ്രഹിക്കയും ചെയ്യുമെന്നുള്ളതുകൊണ്ട് യേശു വിതക്കാരന്റെ ഉപമ അവരോട് പങ്കുവെക്കുന്നു. സുവിശേഷം പങ്കുവെക്കുവാനുള്ള രീതികൾ പലതുണ്ടെങ്കിലും അവരവർ ഉൾപ്പെട്ടു നിൽക്കുന്ന മേഖലയുമായി ബന്ധമുള്ള വിഷയങ്ങളോട് ചേർത്ത് സംസാരിച്ചാൽ കേൾക്കുന്നവർക്ക് എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും. ദൈവവചനം ഹൃദയങ്ങളെ വിവേചിക്കുന്നതുമാകയാൽ ഒരുവന്റെ അവസ്ഥയും, സാഹചര്യങ്ങളും മനസിലാക്കി വചനം പങ്കുവെക്കുന്ന രീതി കർത്താവ് അവലംബിക്കുന്നത് നമുക്കും മാതൃകയത്രെ. ഈ ഉപമയിൽ വിതക്കുവാൻ പുറപ്പെട്ടു പോകുന്ന ഒരുവനെ യേശു പരിചയപ്പെടുത്തുന്നു. അത് സ്വർഗ്ഗത്തിൽ പിതാവിനോടുകൂടെ വചനമായിരുന്ന, ജഡമായി ഭൂമിയിലേക്ക് പുറപ്പെട്ടുവന്ന, കൃപയും സത്യവും നിറഞ്ഞവനായി അവരുടെ ഇടയിൽ പാർക്കുന്ന ക്രിസ്തുയേശു തന്നെ. പിതാവയച്ചിട്ട് താൻ വന്നു, വചനം വിതക്കുക മാത്രമല്ല തന്നിൽ വിശ്വസിച്ചവരോട് പുറപ്പെട്ടു പോകുവാൻ കൽപ്പിക്കുകയും ചെയ്തു.




അങ്ങനെയെങ്കിൽ കർത്താവിന്റെ കൽപ്പന അനുസരിച്ച് വചനം വിതക്കുവാൻ പുറപ്പെട്ടു പോകുവാനുള്ള ഒരു ചുമതല നമുക്കോരോരുത്തർക്കും ഇല്ലേ? ക്രിസ്തുവിനെ മറ്റുള്ളവരിൽ എത്തിക്കുവാനുള്ള കൽപ്പന നിറവേറ്റുന്നതിൽ നാം ഒരു വിജയമോ, പരാജയമോ? പൗലോസ് അപ്പൊസ്തൊലൻ തിമൊഥെയോസിനോടു പറയുന്നത് വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്കുക എന്നത്രേ. അതേ ഒരു ഒരുക്കം അതിനായി നമുക്കാവശ്യമായിരിക്കുന്നു. സർവ്വായുധവർഗം ധരിച്ച് ഒരുങ്ങിയിരിക്കുന്ന ദൈവപൈതലേ നിന്റെ കാലിൽ കർത്താവ് ധരിപ്പിച്ചിരിക്കുന്നത് സമാധാന സുവിശേഷത്തിനുള്ള ഒരുക്കം എന്ന ചെരുപ്പത്രേ. ധൈര്യത്തോടെ പുറപ്പെടുക, വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ക്രിസ്തു ലോകാവസാനത്തോളവും നിന്റെ കൂടെയുള്ളതിനാൽ നീ പരാജയപ്പെടുകയില്ല.

വചനം വിതക്കുവാൻ പോയവന്റെ ലക്ഷ്യം ഒരുക്കിയ നിലമായിരുന്നു. കർത്താവേൽപ്പിച്ചിരിക്കുന്ന ദൗത്യത്തിൽ (അഭിഷേകം) നിങ്ങൾക്കൊരു ലക്ഷ്യമുണ്ടായിരിക്കണം. ആ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള ദർശനം പ്രാപിക്കണം. അതു കർത്താവ് നിങ്ങളുടെ ഉള്ളിൽ തരുവാൻ പ്രാർത്ഥന ആവിശ്യം. ലക്ഷ്യം തെറ്റിക്കുവാൻ മുമ്പിൽ വരുന്നതിനെയൊക്കേയും അതിജീവിക്കുവാനുള്ള മനസുണ്ടായിരിക്കണം. അഭിഷേകം പ്രാപിച്ച ദാവീദിന്റെ ലക്ഷ്യത്തിലേക്കുള്ള പ്രയാണ മധ്യേ കഷ്ടവും പ്രതികൂലവും വന്ന സമയം കൂടെ നിന്നവർ പോലും അവനെ എറിയുവാനും കൊല്ലണമെന്നു പറയുവാനും തയ്യാറായി. എന്നാൽ ദാവീദ് തന്നത്താൻ ധൈര്യപ്പെട്ട് എഴുന്നേറ്റു എന്നും, ദൈവത്തോട് ആലോചന ചോദിച്ച് മുമ്പോട്ട് പോകുകയും ജയാളിയായി തിരികെ വരുകയും ചെയ്തതായും കാണുന്നു ( 1 ശമു. 30:6).

ലക്ഷ്യവും ദർശനവുമായി എത്തിയ ക്രിസ്തു പ്രാർത്ഥനയോടെ തന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുകയും, തന്റെ മേൽ പകർന്ന അഭിഷേകത്താൽ വചനം വിതക്കുകയും ചെയ്തു. ക്രിസ്തു വിജയകരമായി പൂർത്തീകരിച്ച ദൗത്യം ഏറ്റെടുത്തു മുമ്പോട്ടു പോകുവാൻ ദൈവത്തിനു നിങ്ങളെ ആവശ്യമുണ്ട്. ജയാളിയായ ക്രിസ്തുവിനു വേണ്ടി ജയാളിയേക്കാൾ ജയാളിയായ നിങ്ങൾക്ക് ആ ലക്ഷ്യത്തിൽ എത്തുവാൻ ആവശ്യമായ സകലകൃപകളും അവൻ പെരുകിവരുമാറാക്കും. ഒരുക്കിയ നിലങ്ങൾ നമ്മുടെ ചുറ്റുപാടും കിടക്കുന്നു. വിശ്വാസത്തോടെ പുറപ്പെടുക.

...(തുടരും)

# ദേശങ്ങൾക്കായി

തയ്യാറാക്കിയത്: ബിജുമോൻ വർക്കി





**രാജ്യം : എറിത്രിയ**
**തലസ്ഥാനം : അസ്മാര**
**പ്രധാനമന്ത്രി : ഇസ്യാസ് അഫ്വർകി**

സുഡാൻ, എത്യോപ്യ, ജിബൂട്ടി എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന വിശാലമായ ചെങ്കടൽ സമുദ്രാതിർത്തിയുള്ള ഒരു ആഫ്രിക്കൻ രാജ്യമാണ് എറിത്രിയ. ഇറ്റലിയുടെ കോളനി ആയിരുന്നു ഈ രാജ്യം. പിന്നീട് 1951 വരെ ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായിരുന്നു. അതിനുശേഷം എറിത്രിയയുടെ ഭരണം എത്യോപ്യയിൽ നിക്ഷിപ്തമായി. എന്നാൽ 1991 -ൽ എത്യോപ്യയിൽ നിന്നും സ്വാതന്ത്രം നേടിയ എറിത്രിയ, 1993 -ൽ അന്താരാഷ്ട്രീയാംഗീകാരം കരസ്ഥമാക്കി.

മേൽകോയ്മ ഉള്ള മതവിഭാഗങ്ങളായി ക്രിസ്തുമതവും, ഇസ്ലാമതവും നിലകൊള്ളുന്നു. പരമ്പരാഗതമായ മതവിഭാഗങ്ങൾ ഒഴിച്ച് മറ്റു മതങ്ങൾക്ക് കർശനമായ വിലക്കുള്ളതിനാൽ അവർക്കൊന്നും തന്നെ സ്വതന്ത്ര ആരാധന അനുവദിക്കപ്പെട്ടിട്ടില്ല. സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാകും എന്നും, രാജ്യം അസ്ഥിരം ആക്കപ്പെടും എന്ന കാരണത്താൽ സുവിശേഷപ്രവർത്തനങ്ങൾക്കും പ്രവേശനം ലഭിക്കാറില്ല. രാജ്യനിയമങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്നവരേയും, നിരോധിത സംഘടനകളിൽ അംഗങ്ങൾ ആകുന്നവരേയും, അവരുടെ മതപരമായ ചടങ്ങുകൾ ആസൂത്രണം നടത്തുന്നവരേയും ജയിലിൽ അടയ്ക്കാനുള്ള നിയമസംവിധാനമാണ് നിലവിലുള്ളത്. സുവിശേഷം നിമിത്തം അനേകർ ജയിലുകളിലാണെങ്കിലും ദൈവസഭ ശക്തമായി വളരുന്നു. പീഡനം ഭയന്ന് അവർ രഹസ്യമായി വീടുകളിൽ കൂടിവന്ന് കർത്താവിനെ ആരാധിക്കുന്നു. എറിത്രിയയിൽ തന്റെ ജനത്തെ സംരക്ഷിക്കേണ്ടതിനും, രാഷ്ട്രീയവും മതപരവുമായ അടിച്ചമർത്തലിന്റെ ശക്തമായ പിടിയിൽ നിന്ന് അവരെ മോചിപ്പിക്കേതിനും കർത്താവിനോടു പ്രാർത്ഥിക്കുക.



**സംസ്ഥാനം : ഉത്തർപ്രദേശ്**
**തലസ്ഥാനം : ലഖ്നൌ**
**മുഖ്യമന്ത്രി : യോഗി ആദിത്യ നാഥ്**

ജനസംഖ്യാ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്തും, ഭൂവിസ്തീർണ്ണത്തിൽ അഞ്ചാം സ്ഥാനത്തും നിൽക്കുന്ന ഇന്ത്യയിലെ ഒരു സംസ്ഥാനമാണ് ഉത്തർപ്രദേശ്. ഇന്ത്യയിൽ ഏറ്റവുമധികം ജില്ലകളുള്ള സംസ്ഥാനവും ഉത്തർപ്രദേശാണ്. കൃഷി ആണ് പ്രധാന വരുമാന മാർഗം. ഉത്തർപ്രദേശിൽ അനേകം ഹൈന്ദവ തീർത്ഥാടനകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

ബുദ്ധമതവുമായി ബന്ധപ്പെട്ട അനേകം സ്ഥലങ്ങളും ഈ സംസ്ഥാനത്തിലുണ്ട്. മൊത്തം ജനസംഖ്യയുടെ 80 ശതമാനവും ഹിന്ദുക്കളും 18 ശതമാനം മുസ്ലീങ്ങളുമാണ്. സിക്കുകാർ, ബുദ്ധർ, ക്രൈസ്തവർ, ജൈനർ എന്നിവരാണ് മതന്യൂനപക്ഷങ്ങൾ. ജാതിവ്യവസ്ഥ നിർത്തൽ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ദളിത് സമൂഹം വിവിധ മേഖലയിൽ വിവേചനം നേരിടുന്നു. സമീപ കാലങ്ങളിൽ മതന്യൂനപക്ഷങ്ങൾക്കു വിരോധമായി അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഈ സംസ്ഥാനത്തു ഉടലെടുത്തിരിക്കുന്നു. പലസ്ഥലങ്ങളിലും ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടുകയും, ദൈവദാസന്മാർ ഉപദ്രവിക്കപ്പെടുകയും ചെയ്യുന്നു. പലരും കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നു. സഭ ശക്തമായ പ്രതിസന്ധി നേരിടുന്ന സമയം ആണിത്. ഉത്തർപ്രദേശിന്റെ ഭരണകർത്താക്കളെ ഓർത്തു പ്രാർത്ഥിക്കുക. സംസ്ഥാനത്തു നടക്കുന്ന എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളുടേയും, പ്രവർത്തകരുടേയും സംരക്ഷണത്തിനായി പ്രാർത്ഥിക്കുക.

Knowledge Cafe

Jijo Angamaly

## BIBLE QUIZ 8

1. ജാതികളുടെ അപ്പോസ്തലനാകാൻ തീരുമാനിച്ച പൗലോസിനും ബർന്നബാസിനും കൂട്ടായ്മ നൽകിയ യെരുശലേമിലുള്ളവർ കൊടുത്ത ഉപദേശമെന്ത് ?
2. മനോവ്യസനം നിമിത്തം യഹോവയുടെ സന്നിധിയിൽ ഹൃദയം പകർന്ന സ്ത്രീയാണ് ഹന്ന. എന്നാൽ 'നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ' എന്ന് ബുദ്ധി ഉപദേശിച്ചതാര് ?
3. സമ്മാനം അല്ലെങ്കിൽ പ്രതിഫലം കിട്ടാനാണ് ഏവരും ഓടുന്നത്. എന്നാൽ പ്രതിഫലം കിട്ടുകയില്ല എന്നറിഞ്ഞിട്ടും ഓടുകയും ഓട്ടത്തിൽ വിജയിക്കുകയും ചെയ്ത വ്യക്തിയാര് ?
4. ഇത് എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആകുന്നു എന്ന് പറഞ്ഞത് ആദാം. എന്നാൽ ഞാൻ നിങ്ങളുടെ അസ്ഥിയും മാംസവും ആകുന്നു എന്ന് പറഞ്ഞതാര് ?
5. രണ്ട് വെള്ളിക്കാശ് ദേവാലയ ഭണ്ഡാരത്തിൽ ഇട്ടത് വിധവ. എന്നാൽ 70 വെള്ളിക്കാശ് ക്ഷേത്രത്തിൽ നിന്ന് എടുത്തതാര് ?
6. തലപൊക്കി നോക്കിയപ്പോൾ വാൾ ഊരിപ്പിടിച്ചു നിൽക്കുന്നത് കണ്ടത് യോശുവ. തലപൊക്കി നോക്കിയപ്പോൾ തീഷ്ണതാബിംബത്തെ കണ്ടതാര് ?
7. യുദ്ധം ചെയ്ത് പിടിച്ചെടുത്ത പട്ടണത്തിന് സ്വന്തം പിതാവിന്റെ പേരിട്ടു. പട്ടണമേത് ?
8. സ്വന്തമരണവിധമെഴുതിയ കുറിപ്പുമായ് യാത്ര ചെയ്യുകയും അതേവിധം മരണപ്പെടുകയും ചെയ്ത വ്യക്തിയാര് ?
9. മാതാപിതാക്കന്മാരുടെ കല്ലറയിൽ അടക്കപ്പെടുവാൻ ആഗ്രഹിച്ച പലരുണ്ട്. എന്നാൽ മാതാപിതാക്കന്മാരുടെ കല്ലറക്കടുക്കൽ വച്ച് മരിക്കണമെന്നാഗ്രഹിച്ചതാര് ?
10. നിന്റെ ജയം എവിടെ? നിന്റെ വിഷമുള്ള് എവിടെ? എന്ന് മരണത്തെ വെല്ലുവിളിച്ചെഴുതിയ പുതിയ നിയമ എഴുത്തുകാരനാണ് പൗലോസ്. എന്നാൽ മരണത്തേയും പാതാളത്തേയും വെല്ലുവിളിച്ചെഴുതിയ പഴയനിയമ എഴുത്തുകാരനാര് ?

---

1. What was the desire/request of the believers at Jerusalem to Paul & Barnabas, who decided to be an apostle of gentiles, after showing fellowship ?
2. Hannah is the one who poured out her heart in the presence of God. But, who gives counsel to pour out our hearts before Him?
3. People are running for rewards. But who ran even when he knew that he will not get any reward?
4. Adam is the one who said "This is now bone of my bones and flesh of my flesh" but name the person who said "I am your own flesh and bone."
5. Widow gave 2 mites to the temple, but who took seventy shekels of silver from the temple
6. When Joshua lifted his eyes he saw a man with a sword drawn in His hand. But, who saw the image of jealousy when he lifted his eyes .
7. They went against a city and captured it by war. Then they named the city after their father. Name the city
8. Name the person who carried a letter that mentioned the manner of his own death and died in the same manner.
9. Many people have the desire to be buried in their father's tomb. But who desired to die near the grave of his parents.
10. Paul is the one who challenged death & hades. But who challenged death and grave?

## WINNERS -7

(Through draw out of correct entries)



**Bible Quiz**
**Jessy Jacob**
*(Assemblies of God Church, Bahrain)*



**Puzzle**
**Tiju Varghese**
*(Bethel Church, Bahrain)*

**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**

## PUZZLE 8

*Find the hidden books*

The Bible is a remarkable book. Within this letter there are 23 books of the Bible hidden. Can you find them all? Have a go at it using a pen or pencil to highlight the ones you find.

The Bible was written by God, using many authors from all sorts of backgrounds, having many different jobs. God tells us the story of his nation Israel and His son, Jesus Christ, making sure it has been preserved for us through the ages for us to read today.

The Bible outlines the right way to lead our lives, as well as containing many historical accounts. Moses led Israel through the Red Sea, at the battle of Jericho trumpeters marched round the walls for seven days, Judea saw great wars and captivity, Abishag gained David as a husband, the Pharisees would act superior to everyone else, perhaps almsgiving for example, but Jesus kept giving them a most stern rebuke. Jesus also performed many miracles, with his first miracle being turning the water into wine for the groom at the wedding. Mesopotamia was an important region in Biblical history, with Ur and Babylon in that area, as was Sudan I elsewhere read.

When studying the Bible it is helpful to look out for any Bible echo. Search for them whenever you read as you will see some fascinating things, particularly when reading the letters to the various churches, or ecclesias. Testing what you hear against the Bible is also very important to show if it is true, for example if someone suggests Jesus was born in Suez rather than Bethlehem, you would use the Bible to check its accuracy. The same applies if you think Paul ate locusts, David played a banjo eloquently for Saul, Barnabas went on missionary work to Dijon, a horse carried Jesus into Jerusalem or Lazarus died of swine flu, keep going back to the Bible as you can learn a lot from answers to your questions. There is no need to put being academic ahead of everything else though as Jesus said it is most important to love one another, in a humble spirit. Jesus gave his life for us and when we are in a spiritual rut, his love will give us the comfort we need.

## ശരി ഉത്തരങ്ങൾ

Issue# 7, October 2017

### ബൈബിൾ ക്വിസ്

1. **എബ്രായർ** – Hebrews 13:24
2. **സൌമ്യത** – James 3:13
3. **യോഹന്നാൻ** – Revalation 13:10
4. **പൗലോസ്** – Acts 28:4
5. **സൻഹേരീബ്** – 2 Kings 19:37
6. **ക്രിസ്തുവിനെ, പുരുഷനെ** – 1 Corinthians 11:7, Colossians 1:15
7. **സെരായാവ്** – Jeremiah 51:59
8. **യിശ്മായേൽ** – Genesis 17:20
9. **ഹോശേയ** – Hosea 3:2
10. **കാഞ്ഞിരം** – Revalation 8:11

### Puzzle

**Luke 18:13**

**God, be merciful to me a sinner**

## Bible Quiz & Puzzle
## Those who sent correct answers

Issue 7

1. Johncy Vesily, IPC, PCK, Kuwait
2. Molly Abraham, Church of God, Mukkada, Kottayam
3. Blessy Shaiju, Oman Pentecostal Assembly, Muscat
4. Reji Baby, Sharon Fellowship,Kottarakkara
5. Sini Binu, IPC Hebron, Kuwait
6. Jaisy Satheesh, AG, Kasargod
7. Jolly Biju, IPC Zionthalachira, Kollam
8. Suja James, Church of God, Kuwait
9. Jessy Anish, Immanuel Church, Saudi Arabia
10. Siji Joy, IPC Thekkumbhagam, Thodupuzha
11. Simy Joy, IPC West Centre, Thrissur
12. John K.Paul, IPC Abudhabi
13. Sabitha Sujith, Church of God, New Delhi
14. Praisy Tomson, IPC Peniel Chennai
15. Shirley Sunny, Salmaniya Prayer group
16. Biji John, Hopeshore Church (IPC)
17. Sifi Mary Siju, Hopeshore Church (IPC)
18. Shiji Sijo, st.Thomas Evangelical Church
19. Beula Ravi, Gilgal Church of God
20. Judith Franko, Gilgal Church of God
21. Suni S.Suku, Tamil Church
22. Kunjumol sajan, Revival Fellowship Church
23. Sini Dipin, IPC Bethesda
24. Thankachen V.m, Manama Brethren Assembly
25. Letty Shibu, Manama Brethren Assembly
26. Blessy Lijo, Manama Brethren Assembly
27. Joel Gomes, Full Gospel Church of Philadelphia
28. Sneha Grace Oommen, Full Gospel Church of Philadelphia
29. Marykutty Jose, Full Gospel Church of Suvartha
30.Jyothy Thomas, Full Gospel Church of Suvartha
31. Alice George, Full Gospel Church of Suvartha
32. Shiji Roy, Full Gospel Church of Suvartha
33. Reshma Jerin, Full Gospel Church of Suvartha
34. Asha Joelal, IPC Bethel
35. Jijo George, IPC Bethel
36. Manju Nevin, IPC Bethel
37. Reena Daniel, Brethren Assembly, Majalis
38. Sherin Shaju, Brethren Assembly, Majalis
39. Sandra Ann Mathew, IPC Peniel
40. Sally Mathew, IPC Peniel
41. K.J.Johnson, IPC Hebron
42. Joice Johnson, IPC Hebron
43. Seeba Vinay, IPC Hebron
44. Mary Francis, IPC Immanuel
45. Annie Abraham, IPC Immanuel
46. Esther Elssa Ani, IPC Immanuel
47. Alan Ani Abraham, IPC Immanuel
48. Jijo Thomas, Bethel Church
49. Riya Reji, Bethel Church
50. Lincy Roopesh, Bethel Church
51. Blessy Saji, Bethel Church
52. Grace Biju George, Bethel Church
53. Jeena Tiju, Bethel Church
54. Sanu Mathew, Bethel Church
55. Joby John, Indian Revival Assembly
56. Blessy Blesson, Indian Revival Assembly
57. Benison Blesson, Indian Revival Assembly
58. Suby Lijo Mathew, Church of God Full Gospel Prayer Fellowship
59. Jessy Jacob, Assemblies of God
60. Ebin Varghese, Assemblies of God
61. Elsy Thomas, Assemblies of God
62. Sindhu Joshi, Bahrain Church of Living God
63. Chris Johnson, Bahrain Church of Living God
64. Lizy Varghese, Sharon Fellowship Church
65. Joncy Anil, Sharon Fellowship Church
66. Metty Shibu, Sharon Fellowship Church
67. Mini Binu, Sharon Fellowship Church
68. Rufus Babu George, Sharon Fellowship Church
69. Sali Joseph, Sharon Fellowship Church
70. Evelyn Benny, Sharon Fellowship Church
71. Joslin M.Prasad, Sharon Fellowship Church
72. Axa Mary Biju, Sharon Fellowship Church
73. Tintu Vivyn, Sharon Fellowship Church
74. Rincy Gracy Roy, Sharon Fellowship Church
75. Jessy Maju, Sharon Fellowship Church
76. Betty Babu, Sharon Fellowship Churh
77. Rooth Jeejie Francis, Sharon Fellowship Church
78. Evangeline Grace Bovas, Sharon Fellowship Church
79. Glory Ponniah, Sharon Fellowship Church
80. Shirley Timothy, Sharon Fellowship Church

## Bible Quiz Only
## Those who sent correct answers

1. Pr. Vinil C Joseph, IPC Bethel
2. Ancy Vinil, IPC Bethel
3. Anitha Saji, IPC Ajman
4. Princy Alex, New Harvest Church
5. Anitha Roy, Christ International Church
6. Sherin Varghese, Nirmal Ministries, Nepal
7. Sharon Ben Sunny, Cannan Gospel Ministries
8. Jolly Thomas, IPC Bethesda
9. Biji Lal, IPC Bethesda
10. Shaja Jayakumar, IPC Bethesda
11. Lissy Shibu, IPC Bethesda
12. Ambili Thomas, IPC Bethesda
13. Reji Poulose, IPC Bethesda
14. Lucy Sumiya, Independent Church of God, Alapuzha
15. Sunil Silvester, Independent Church of God, Alapuzha
16. Shainy Shibu, Brethren Assembly, Gafool
17. Joji Varghese, IPC Ebenezer, Elanthoor, Pathanamthitta
18. Princy Nidhin, IPC Bahrain
19. Reji Sam, Manama Brethren Assembly
20. Gaius V.Mathew, IPC Peniel
21. Stijo Francis, IPC Peniel
22. Blessy Jiji, IPC Hebron
23. Alice Varghese, Bethel Church
24. Renitta Reji, Bethel Church
25. Nincy Praveen, Church of God Full Gospel Prayer Fellowship
26. Kunjumol Saji, Church of God Full Gospel Prayer Fellowship
27. Danial Thomas, Assemblies of God Church
28. Ansa Saju, Bahrain Church of Living God
29. Aaron Saju, Bahrain Church of Living God
30. Aleena Merin Thomas, Bahrain Church of Living God
31. Sheeja Aju John, Sharon Fellowship Church
32. Sheeja Anu John, Sharon Fellowship Church

## Puzzle Only
## Those who sent correct answers

1. Jelin Franko, Gilgal Church of God
2. Litha Santhosh, IPC Shalom
3. Aida Anna, New Harvest Church
4. Preethy Binil, Revival Fellowship Church
5. Liya Thomas, Revival Fellowship Church
6. Thomas Chacko, Revival Fellowship Church
7. Helan Satheesh, AG, Kasargod
8. Rhoda Ann Roby, Brethren Assembly, Gafool
9. Elvin Harvy John, Brethren Assembly, Gafool
10. Peninnah Mariyam Shibu, Brethren Assembly, Gafool
11. Nissy Saju, IPC Bahrain
12. Jeffy Ann John, IPC Bahrain
13. Kesiya Sara John, IPC Bahrain
14. Febin John Sam, IPC Bahrain
15. Annie Johnson, Manama Brethren Assembly
16. Rijin Joel BIju, Full Gospel Church of Philadelphia
17. Manna Susan Kurian, Full Gospel Church of Philadelphia
18. Aaron Ivin Mathew, Full Gospel Church of Suvartha
19. Jeffin Thomas Nevin, IPC Bethel
20. Feba Thomas, IPC Bethel
21. Saira Bindu Mathew, IPC Bethel
22. Benita Susan Mathew, IPC Bethel
23. Sneha Jane Mathew, IPC Bethel
24. Krupa Ann Jijo, IPC Bethel
25. Shaimy Jijo, IPC Bethel
26. Animol Jijo, Brethren Assembly, Majalis
27. Janet K.John, IPC Peniel
28. Jini Nithin Jacob, IPC Peniel
29. Sherin Varghese, IPC Hebron
30. Naithan Jiji, IPC Hebron
31. Aksa Mary Mathew, IPC Hebron
32. Chris John Johnson, IPC Hebron
33. Blessy Vinod, IPC Hebron
34. Nancy Vinay, IPC Hebron
35. Jisha Vivek, IPC Hebron
36. Jhancy Jerins, IPC Emmanuel
37. Annie Regi, IPC Emmanuel
38. Michelle Tom, IPC Emmanuel
39. Tiju Varghese Daniel, Bethel Church
40. Jobin Raju, Church of God Full Gospel Prayer Fellowship
41. Sofy Jacob, Church of God Full Gospel Prayer Fellowship
42. Robin Johnson, Church of God Full Gospel Prayer Fellowship
43. Jaan Emmanuel Nelson, Church of God Full Gospel Prayer Fellowship
44. Irene Saji Mark, Assemblies of God
45. Tisa Thomson, Assemblies of God
46. Aaron Koshy Chacko, Assemblies of God
47. Achsah Yacob, Assemblies of God
48. Aneeta Thomas, Assemblies of God
49. Emmanual Jis, Bahrain Church of Living God
50. Ansa Saju, , Bahrain Church of Living God
51. Christina Merin Thomas, , Bahrain Church of Living God
52.Daisy Varghese, New India Church of God, Gwalior,
53. Feba Anna Saju, Sharon Fellowship Church
54. Anuja Rachel John, Sharon Fellowship Church
55. Aaron Jacob Varghese, Sharon Fellowship Church
56. Anita Ann John, Sharon Fellowship Church
57. Jency Prince, Sharon Fellowship Church
58. Gaius Abraham Babu, Sharon Fellowship Church
59. Angel Mathew, Sharon Fellowship Church
60. Ruby Sara Varghese, Sharon Fellowship Church

***ശരിയുത്തരം അയച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ അതാത് സഭകളിൽ എത്തിക്കുന്നതാണ്.**

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്


**ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ**
**ശരിയുത്തരമയക്കുന്ന എല്ലാവർക്കും** *HH Appreciation Certificate*

### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers should be received before 20th of every month.
4. Answers can be sent by e-mail and whatsapp.
5. Kindly send name, photo, church and contact number along with answers.
6. Winners will be selected through a draw in case there are more than one correct entry.
7. Winners name and photo will be published in next issue.
8. Attractive prizes will be awarded to winners.
9. Incomplete answers will not be entertained.
10. Bible Quiz answers should be sent along with reference.
11. There will be separate prizes for both Bible Quiz and Puzzle.
12. All those who send correct answers will receive HH Appreciation Certificate.

# പുനരുത്ഥാനം

4



പാസ്റ്റർ പി.എം. ജോയി

ഈ കാലയളവിൽ വളരെ ചുരുക്കമായി കേൾക്കുന്നതും എന്നാൽ നമ്മിൽ വളരെ പ്രത്യാശ ജനിപ്പിക്കുന്നതുമായ പുനരുത്ഥാനം എന്ന വിഷയത്തെക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിലൂടെ നാം തുടർമാനമായി പഠിച്ചുവരുകയാണല്ലോ.

## 2. ശരീര മരണം

ജീവിച്ചിരിക്കുന്ന ജീവികളെ നിലനി ർത്തുന്ന എല്ലാ ജൈവപരമായ പ്രവർത്തനങ്ങളുടേയും വിടവ് മരണമാണ്. ശാരീരിക മരണം എന്നത് മനുഷ്യശരീരത്തിൽ നിന്ന് ആത്മാവിന്റെ വേർപിരിയൽ ആണ്. ജീവൻ എന്നുപറഞ്ഞാൽ തന്മാത്രകളുടെ ചലനാത്മകമായ പ്രവൃത്തി, ജീവശാസ്ത്ര നിലനിൽപ്പ്, രസതന്ത്ര ചലനങ്ങൾ എന്നിവയുടെ പ്രവൃത്തി ആകുന്നു. എന്നാൽ ഇവയുടെ തിരിച്ചുള്ള പ്രവൃത്തിയാണ് മരണം.

'നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു; അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും' (ഉൽ.3:19). മനുഷ്യശരീരം അവന്റെ വ്യക്തിത്വം ആയ ദേഹിയുടെ കൂടാരം മാത്രമാകുന്നു. മണ്ണിൽ നിന്ന് എടുത്ത പദാർത്ഥങ്ങൾ എല്ലാം കൂടി രൂപമാക്കി അതിനുള്ളിൽ ദേഹി വസിക്കുന്നു. ദേഹി ദേഹത്തിൽ നിലനിൽക്കുന്നതിന് ചൂട്, വെള്ളം, വായു, ആഹാരം എന്നിവയുടെ സഹായം ആവശ്യം ആകുന്നു. ഇവയിൽ ഒന്നെങ്കിലും കുറഞ്ഞാൽ ജീവൻ അഥവാ ദേഹി അപകടത്തിൽ ആകും. ശരീരത്തിന് കേടു ഭവിച്ചാൽ ദേഹി വിട്ടുപോകും.

***മനുഷ്യ ശരീരത്തിന് മൂന്നു ഘട്ടങ്ങൾ ഉണ്ട്.***

***1. കൂടാരം ആകുന്ന ശരീരത്തിൽ വസിക്കുക***

***2. കൂടാരം വിട്ടു ആത്മലോകത്തിൽ ആയിരിക്കുക***

***3. ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിന് ഒത്തവണ്ണം പ്രാപിപ്പാൻ പ്രതിഫലം പറ്റികൊണ്ട് നിത്യഘട്ടത്തിലേക്ക് കടക്കുന്നതിന് ന്യായവിധിയെ അഭിമുഖീകരിക്കുക***

## 3. സ്വയം മരിപ്പിക്കൽ

'സഹോദരന്മാരേ, നമ്മുടെ കർത്താവായ ക്രിസ്തുയേശുവിങ്കൽ എനിക്കു നിങ്ങളിലുള്ള പ്രശംസയാണ ഞാൻ ദിവസേന മരിക്കുന്നു' - 1 കൊരി.15:31. പൗലോസ് പറയുന്നത് മനുഷ്യത്വത്തിൽ നിലനിൽക്കുന്നതും ഒരു ആത്മീയന് വേണ്ടാത്തതും ആയ ഘടകങ്ങളെ അഥവാ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കുന്നു എന്നും ആകയാൽ ദുർനടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ (കൊലൊ.3:5).

## 4. രണ്ടാം മരണം അഥവാ നിത്യമരണം

'മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം' വെളി.20:14. 'ഭൂമിയിൽ നിന്ന് ആഹാരം ഉണ്ടാകുന്നു; അതിന്റെ അധോഭാഗം തീകൊണ്ടെന്നപോലെ മറിയുന്നു' ഇയ്യോ.28:5. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനും വെള്ള സിംഹാസനവിധിയെ അഭിമുഖീകരിച്ചനന്തരം മരണം എന്ന മരണാന്തര ഇടമായ പാതാളത്തേയും നിത്യദണ്ഡനത്തലേക്ക് തള്ളിയിടുന്നു.

## മരണാന്തരജീവിതം

ഇതിനു യേശു മറുപടി പറയുന്നു, 'യേശു അവളോടു: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.


**ദൈവ മക്കൾക്കൊരു സന്തോഷവാർത്ത**

**-പ്രഭാതപ്രാർത്ഥന-**

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം

**എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ രാവിലെ 4:45 മുതൽ 5:45വരെ , സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ**






**തക്കതുണ**

*HH Matrimonial*

Christian Pentecostal parents inviting proposal for their daughter (29/169), BSc Nurse currently working in Saudi Arabia, Baptized, Spirit filled, from qualified Pentecostal boys.
**Tel: 0091 96 05 85 36 77**

Syrian Christian Pentecostal parents invite proposals for their son(27/180 cm) M.Div, M.Th, teaching in a reputed seminary, fair, baptized, Spirit filled, from qualified Pentecostal girls.
**Tel: 0091 97 44 66 35 29**
**0091 95 26 44 78 61**

Seeking suitable alliance for Christian Pentecostal girl, (26/163, M. com, spiritual) from Parents of Pentecostal, spiritual, qualified boys working in India or abroad.
**Tel: 0091 94 96 37 18 90**
**0091 94 97 65 76 16**

# ഉത്തരേന്ത്യൻ മരുഭൂമിയിലൂടെ



ഷൈമോൾ ബിജുമോൻ

ഒരു ഞായറാഴ്ച ആരാധനയ്ക്കുശേഷം, ഞങ്ങൾ ഉദയപൂർ പട്ടണത്തിൽ നിന്നും ഏകദേശം 25 കി.മീ. അകലെയുള്ള ആദിവാസി ഗ്രാമമായ ചൌക്കടിയിലേക്ക് പോയി. മലഞ്ചരിവുകളിലൂടെ ആയിരുന്നു ഞങ്ങളുടെ യാത്ര. മൊട്ടകുന്നുകൾ താണ്ടിവേണം ഈ ഗ്രാമത്തിൽ എത്തിച്ചേരുവാൻ. ബൈബിളിൽ പ്രതിപാദിക്കുന്ന ഇസ്രായേലിനോട് ഈ പ്രദേശത്തിന് സാമ്യമുള്ളതുപോലെ തോന്നി.

കൂടെയാത്ര ചെയ്ത ദൈവദാസന്മാർചൌക്കടിയ ഗ്രാമത്തെപ്പറ്റി ഞങ്ങളോടു വിവരിച്ചു പറഞ്ഞു. ഈ ഗ്രാമത്തിൽ ഏകദേശം അഞ്ഞൂറു ആദിവാസി കുടുംബങ്ങൾ പാർക്കുന്നു. സ്വന്തമായ കൃഷിയിടങ്ങൾ ഉള്ളതുകൊണ്ട് ഓരോ വീടുകൾ തമ്മിൽ വളരെ അകലമുണ്ട്. വന്യമൃഗങ്ങൾ ഇറങ്ങുന്ന സ്ഥലം കൂടിയാണിത്. ഇവരുടെ സംസ്ക്കാരങ്ങൾക്കും ഉണ്ട് വളരെ ഏറേ പ്രത്യേകതകൾ. പെൺകുട്ടികൾ മാത്രം ജനിക്കുന്ന കുടുംബത്തെ ആ ഗ്രാമത്തിൽ നിന്നും ഗ്രാമക്കാർ പുറത്താക്കും. സ്വത്തുക്കൾ മറ്റു ഗ്രാമത്തിലെ ആൺകുട്ടികൾക്ക് കൈമാറാപ്പെടാതിരിക്കുവാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്.

ഞങ്ങൾ കള്ളിമുൾ ചെടികൾകൊണ്ട് അതിർത്തി തീർത്ത ഒരു വീടിന്റെ മുറ്റത്തെത്തി. ഞങ്ങളുടെ വരവും പ്രതീക്ഷിച്ച് ഹക്മ സഹോദരൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അഞ്ഞൂറു വീടുകൾ ഉള്ള ആ ഗ്രാമത്തിലെ ഏക വിശ്വാസി കുടുംബം. ഈ കുടുംബം ക്രിസ്തുവിനെ അറിഞ്ഞ സാക്ഷ്യം, കർത്താവിലുള്ള ഞങ്ങളുടെ വിശ്വാസത്തെ ശോധന ചെയ്യുവാൻ കാരണമായി.

ഏകദേശം ആറുവർഷങ്ങൾക്കുമുമ്പാണ് ഈ കുടുംബം യേശുവിനെ കണ്ടുമുട്ടുന്നത്. ജട നീട്ടിവളർത്തിയ ഒരു പ്രാകൃതരൂപമായിരുന്നു ഹക്മായുടേത്. മദ്യത്തിനും പുകവലിക്കും അടിമയായിരുന്നു ഇദ്ദേഹം. തനിക്കും ഭാര്യ സുഗുണക്കും നാല് പെണ്മക്കൾ മാത്രം ഉള്ള കാരണത്താൽ ഗ്രാമക്കാർ ഇവരെ ഗ്രാമത്തിൽ നിന്ന് പുറത്താക്കുന്ന ഒരു സാഹചര്യം ഉണ്ടായി. ഈ സന്ദർഭത്തിൽ സുഗുണ സഹോദരിക്ക് കരൾവീക്കം എന്ന മാരകരോഗം പിടിപ്പെട്ടു. ഗർഭിണിയാണെന്ന് തോന്നിയ തന്റെ ഭാര്യയെ ആശുപത്രിയിൽ എത്തിച്ചപ്പോഴാണ് കരൾരോഗംമൂലം വയറ്റിൽ വെള്ളം നിറഞ്ഞതാണെന്നു ബോധ്യപ്പെട്ടത്. അനേക ആശുപത്രികളിൽ ഭാര്യയുടെ രോഗം ചികിത്സിക്കുന്നതിനു കൊണ്ടുപോയി. എന്നാൽ രോഗം ഭേദം ആകുന്ന കാര്യത്തിൽ ഡോക്ടർമാർ തന്നെ കൈയൊഴിഞ്ഞു. കൂടെകൂടെ വയറ്റിൽ നിറയുന്ന വെള്ളം പുറത്തെടുക്കാൻ അമ്പതിനായിരം രൂപയിൽ



ഹക്മയും കുടുംബവും

അധികം ഈ കുടുംബം ചിലവാക്കി. ആശാരഹിതനായ ഹക്മയോട്, സൗഖ്യമാക്കുന്ന യേശുവിനെക്കുറിച്ച് പറഞ്ഞ ഒരു നേഴ്സ്, രാജസ്ഥാൻ പെന്തക്കോസ്തൽ സഭയുടെ മേൽവിലാസം നൽകി.

അന്ത്യശ്വാസം വലിക്കുന്ന സുഗുണയെ സഭാഹാളിലേക്ക് കൊണ്ടുവന്നു. വളരെ ആശങ്കയോടും ഭയത്തോടും ദൈവദാസനും കുടുംബവും സഭാഹാളിനോടു ചേർന്നുള്ള പ്രാർത്ഥനാ മുറിയിൽ സുഗുണയെ കിടത്തി. അനേകം അത്ഭുതങ്ങൾക്കു സാക്ഷ്യം വഹിച്ച ഒരു പ്രാർത്ഥനാമുറിയാണിത്. ദൈവദാസനും കുടുംബവും, സഭാവിശ്വാസികളും സൗഖ്യത്തിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏകദേശം അഞ്ചു മാസങ്ങൾ താൻ ഈ മുറിയിൽ ആയിരുന്നു. തന്റെ ഭാര്യയെ വളരെയധികം സ്നേഹിച്ചിരുന്ന ഹക്മ സഹോദരൻ, ദൈവദാസന്മാരുടെ വാക്കുകൾ മനസിലാക്കി. ദൈവവചനത്തിൽ വിശ്വസിച്ച്, തന്റെ ഭാര്യയുടെ സൗഖ്യത്തിനായി പുകവലിയും മദ്യപാനവും ഒറ്റദിവസംകൊണ്ട് ഉപേക്ഷിച്ചു. കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. വളരെ ശോഷിച്ച് കരൾരോഗം നിമിത്തം വയർവീർത്തു നിന്നിരുന്ന സുഗുണ തന്റെ ശരീരസ്ഥിതിയിൽ മാറ്റം വരുന്നത് മനസിലാക്കി ദൈവത്തെ മഹത്വപ്പെടുത്തി. തന്റെ വയർ ചുരുങ്ങുവാനും, ശരീരം ആരോഗ്യം പ്രാപിക്കുവാനും തുടങ്ങി. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ അവൾ പൂർണ്ണ ആരോഗ്യവതിയായി. സുഗുണയുടെ പൂർണ്ണ വിടുതൽ കണ്ട വിശ്വാസികളായ ഡോക്ടർമാർ അത്ഭുതപ്പെട്ടു. ചികിത്സാർത്ഥം മുമ്പ് കണ്ട ഡോക്ടറെ വീണ്ടും കണ്ടപ്പോൾ 'താൻ ചികിത്സിച്ച രോഗി ഇതല്ല' എന്ന് മറുപടി പറഞ്ഞ ഡോക്ടറോട് സൗഖ്യമാക്കിയ യേശുവിനെ സഹോദരൻ ഹക്മ പരിചയപ്പെടുത്തികൊടുത്തു.

(തുടരും)

# Christian Dining Etiquette



Anil Thomas

Tip Off...
Advice from Sunday School Uncle

Dear children,

Recently I enjoyed lunch with my friends in a restaurant.

One of my friends noticed that some of the dishes were not even tasted by us. He requested the waiter to parcel the food and he distributed to two workers at a nearby construction site. I am sure even you are impressed with this idea, so love food and hate wasting it. I read the below at a Restaurant of a luxury hotel

*"Take all you can eat, but eat all you take. Yesterday's wastage was 45 Kgs. which can feed 180 people"*

It was shocking for me but it is an eye opening message to all of us. Think of someone who has nothing.

*Simple rules taught by Jesus when you are invited or you invite someone (Luke 14: 7-14)*

When you are invited by someone don't sit down at the main table, but wait for the host to say to you "move up higher", then you will be honoured in the presence of all who sit at the table. Otherwise he might say give your place to this person, then in disgrace you would start to take the lowest place.

When you are planning to invite a person for dinner, invite a person who can't repay you. You will be repaid at the resurrection of righteousness.

***Some useful table manners (at home or at the restaurant)***

Pray for the food. (1st Thessalonians 5: 16-18) Wait until all the guests are served. Place your napkin in your lap if you are at the restaurant (when leaving the table temporarily, put the napkin on your chair. At the end, fold your napkin and place it to the left of your table)Chew with your mouth closed. Don't watch TV or surf the net. Don't talk with your mouth full. Switch off your mobile phone. Wait for your turn to talk. Use your indoor voice. Hold your fork in your left hand and knife in the right hand, if you wish to use cutlery. Never overload your plate as it makes you look greedy. Say please and thank you to employees of the restaurant. Don't cough or sneeze near to the food station. Enjoy your buffet as per the order: Soup, Appetizer, Salad,Main course and Dessert.

Whether you eat or drink or whatever you do, do it all for the glory of God (1st Corinthians 10.31)

*The dinner table is the centre for the teaching and practicing not just of table manners but conversation, consideration, tolerance, family feeling and just about all the other accomplishments of polite society–Judith Martin*

# മഹോപദ്രവകാല രക്തസാക്ഷികൾ

(വെളി.6:9–11, 18:24, 19:1–4, 20:4,5)

## വെളിപ്പാട് പുസ്തകം – ഒരു പഠനം 5



ബോബി തോമസ്
മാഞ്ഞൂരാൻ

മനുഷ്യൻ പാപം ചെയ്തതോടെ ജീവന്റെ ഉറവായ ദൈവത്തിൽ നിന്ന് സ്വയം അകന്ന് ഓടിഒളിക്കുന്ന കാഴ്ച നാം ഉൽപ്പത്തി പുസ്തകത്തിൽ കാണുന്നു. ദൈവീക നീതി പറയുന്നു, പാപത്തിന്റെ ശമ്പളം മരണം അത്രേ എന്ന്! (റോമ.6:22,23). എന്നാൽ ഈ മരണത്തെ തന്റെ മരണം/പരമയാഗം കൊണ്ട് ജയിച്ച്, ഏകനാൽ (ആദാമ്യ) വന്ന മരണത്തെ, ഏകന്റെ (യേശുവിന്റെ) മരണമാകുന്ന പരമയാഗത്താൽ ജയിച്ച്, നിത്യരക്ഷയും, വിശുദ്ധീകരണവും അതിന്റെ അന്തമായ നിത്യജീവനും ദൈവത്തിന്റെ മഹാകൃപയാൽ യേശുക്രിസ്തുവിൽക്കൂടെ മാനവജാതിക്കു തുറന്നു തന്നു. പഴയ ന്യായപ്രമാണ യുഗത്തിൽ ജീവിച്ചിരിക്കുന്നവർ ഈ വാഗ്ദത്ത നിവൃത്തി പ്രാപിക്കുവാൻ കഴിയാതെ മരിച്ചു (എബ്രാ.11:13,14). അവർ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന പരമയാഗം വഴിയുള്ള രക്ഷയേയും അതുവഴി ദൈവസന്നിധിയിലേക്ക്, തങ്ങൾക്കുവേണ്ടി ഒരുക്കിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗീയ നഗരത്തേയും ദൂരത്തു നിന്നു വിശാസക്കണ്ണാൽ കണ്ട് അതിനെ അഭിവന്ദിച്ചു കൊണ്ട് തങ്ങളുടെ 'മരുഭൂവാസം' (ഭൂമിയിലെ വാസം) ഭയഭക്തിയോടും വിശുദ്ധിയോടും കൂടെ തികച്ചു. അവർക്ക് ദൂരെനിന്നും നോക്കിക്കാണുവാൻ, ഒരു പ്രതീക്ഷയ്ക്ക് വകയുണ്ടായിരുന്നു. യേശു മരിച്ചശേഷം ആത്മാവിൽചെന്ന് തങ്ങൾ കാത്തിരുന്ന പരമയാഗം നിവർത്തിക്കപ്പെട്ടു എന്നു അവരെ അറിയിച്ചു. ഇതു നാം മുമ്പു ചിന്തിച്ചതാണ്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടും ക്രൂശിലെ പരമയാഗമാകുന്ന മരണത്തോടും കൂടെ ഈ മറുവില നൽകപ്പെടുകയും, രക്ഷാമാർഗ്ഗം തുറക്കപ്പെടുകയും ചെയ്തു. പഴയമിയമത്തിലെ സമാഗമന കൂടാരത്തിന്റെ പ്രാകാരത്തിലേക്കു യിസ്രായേൽ മക്കൾക്കല്ലാതെ ജാതികൾക്കു പ്രവേശനമുണ്ടായിരുന്നില്ല. അതിനും അകത്തുള്ള അതി പരിശുദ്ധസ്ഥലത്തേക്ക് പുരോഹിതന്, വർഷത്തിലൊരിക്കൽ യാഗരക്തവുമായിട്ടല്ലാതെ പ്രവേശനമുണ്ടായിരുന്നില്ല. പ്രാകാരത്തിലേക്കുള്ള പ്രവേശനകവാടത്തിന് 'വഴി' എന്നു വിളിച്ചിരുന്നു. ജാതികൾക്കു നിഷിദ്ധമായിരുന്നതിനാൽ ഈ ആലയത്തിലേക്കും, ഒരിക്കലും, 'സ്വപ്നത്തിൽപോലും പ്രിതീക്ഷയില്ലാതിരുന്ന' അന്തർമന്ദിരത്തിലെ കൃപാസനത്തിലേക്കും പിതാവാം ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്കും ഒരിക്കലും പ്രവേശനം സാധ്യമായിരുന്നില്ല.

എന്നാൽ യേശുവിന്റെ ക്രൂശുമരണം മുഖാന്തിരം ഈ അവസ്ഥയ്ക്കു മാറ്റം വന്നു (എബ്രാ.10:12–23). യേശു പാപങ്ങൾക്കുള്ള പരിഹാരം ഏകയാഗത്താൽ വരുത്തിയിട്ട്, വർഷത്തിലൊരിക്കലല്ല, മറിച്ച് എന്നേക്കും മഹാപുരോഹിതനായി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കയാണ്. അവൻ വെറുതെയല്ല കയറിയിരുന്നത്, കാളയുടെയോ ആടിന്റേയോ രക്തം കൊണ്ടുമല്ല പ്രത്യുത, തന്റെ ജീവരക്തവുമായിട്ടാണ് കയറിപ്പോയത്. പഴയനിയമത്തിലെ ഭൗമീക ആലയത്തിലേക്കല്ല, സ്വർഗ്ഗത്തിലെ നിത്യമായ, സാക്ഷാൽ ദേവാലയത്തിലേക്കാണ് കയറിപ്പോയത്. അവിടേക്ക് നമുക്കും–ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാ, പണ്ഡിത, പാമര വിവേചനമില്ലാതെ പ്രവേശിക്കാം.

എബ്രാ.10:14–ൽ പറഞ്ഞിരിക്കുന്നത് 'ഏകയാഗത്താൽ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു' എന്നാണ്. ഈ വാക്യം വളരെ ശ്രദ്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. ഏകയാഗത്തെക്കുറിച്ച് അറിവും ഗ്രാഹ്യവും ഉള്ളവർക്കല്ല, അതിൽ വിശ്വസിക്കുന്നവർക്കും എന്നല്ല, പ്രത്യുത വിശ്വസിച്ച്, അതിനു യോഗ്യമാംവണ്ണം 'വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തിയിരിക്കുന്നു' എന്നാണ്. വിശുദ്ധീകരിക്കപ്പെടുക എന്നതിനർത്ഥം, പ്രത്യേക ആവശ്യത്തിനായി വേർതിരിക്കുന്ന എന്നാണ്. സൽഗുണപൂർത്തി എന്നാൽ സമ്പൂർണ്ണത എന്നത്രേ! അറിവുണ്ടായതുകൊണ്ടും പ്രസംഗിച്ചതുകൊണ്ടും മാത്രം സൽഗുണപൂർത്തി കൈവരുന്നില്ല; സ്വയം അതിനു യോഗ്യമാംവിധം വേർതിരിഞ്ഞു (മതത്തിന്റേയോ സഭയുടേയോ അംഗത്വം എടുക്കലുമല്ല). ഒരു സ്ഥിരമായ അനുഭവത്തിൽ ജീവിതം ജയകരമായി പൂർത്തീകരിക്കുന്നതിലാണ് സൽഗുണപൂർത്തി കൈവരുന്നത്.


ഇങ്ങനെ സമർപ്പിക്കപ്പെടുന്നവർക്കുവേണ്ടി ഇതാ ഒരു പുതിയ വഴി–എബ്രാ.10:19,20,21 ൽ പറയുന്ന പ്രകാരം യേശുവിന്റെ ദേഹം തിരശ്ശീലപോലെ നമുക്കുവേണ്ടി കീറി, ജീവനുള്ള ഒരു പുതുവഴി (ഒരു പുതിയ കൗണ്ടർ) നേരേ പിതാവാം ദൈവം ആസനസ്ഥനായിരിക്കുന്ന പളുങ്കുകടലിനു മുകളിൽ, പുത്രൻ/കാന്തൻ ഇരിക്കുന്ന അതേ (വെളി.5:5, യോഹ.14:3, പ്രവൃ.7:54–56) സ്വർഗ്ഗത്തിലുള്ള കൃപാസനത്തിലേക്ക് നേരേ, കടന്നു ചെല്ലാൻ, മറ്റു പ്രാകാരമോ, വിശുദ്ധസ്ഥലമോ താണ്ടാതെ, നേരേ പിതാവാം ദൈവത്തിങ്കലേക്ക് പ്രവേശനം ഈ കൃപായുഗത്തിൽ തുറന്നു നൽകപ്പെട്ടിരിക്കയാണ്. അവിടെ നമുക്കായി യേശു സ്ഥിരം മഹാപുരോഹിതനായി വസിക്കുന്നു. നമുക്കുവേണ്ടി ഇടിവിൽ നിൽക്കുന്നു.

## കർത്താവിൽ നിദ്ര പ്രാപിച്ചു



**ALIYAMMA THOMAS (81)**
**Chittezhathu Pallathu, Kodukulanji**

(M/o Bro. Thomas Thomas
Gideons International, Bahrain)
& M/o Bro. Thomas Mathew (Joemon)
Sharon Fellowship Church, Bahrain)



# ചിക്കൻ പൈ

ഈസി മെത്തേഡ്




### ചേരുവകൾ

ചിക്കൻ ബ്രെസ്റ്റ് – 1
ഉള്ളി – 1
ഇഞ്ചി, വെളുത്തുള്ളി പേസ്റ്റ് – 1 റ്റീ സ്പൂൺ വീതം
ഗരം മസാല – 1 റ്റീ സ്പൂൺ
കുരുമുളക് പൊടി – 1 റ്റീ സ്പൂൺ
നാരങ്ങാ നീര് – 1 വലിയ സ്പൂൺ
ഉപ്പ് – ആവശ്യത്തിന്
പഫ്സ് പേസ്ട്രി – 2 വലിയ ഷീറ്റ്



സൂസമ്മ കുര്യൻ

### തയ്യാറാക്കുന്ന വിധം

ഉള്ളി വഴറ്റിയശേഷം ബാക്കി മസാലകളും ചേർക്കുക. കോഴി നാരങ്ങാ നീരും ചേർത്തു ഈ കൂട്ടിൽ ഇട്ടു വേവിച്ച് പിച്ചി എടുക്കുക.

ഒരു പഫ്സ് പേസ്ട്രി എടുത്തു പരത്തി ഒരു പൈ ഡിഷിൽ വെയ്ക്കുക. മുകളിൽ കോഴി നിരത്തുക. മറ്റൊരു പേസ്ട്രി മുകളിൽ വെച്ച് വശങ്ങൾ എല്ലാം നന്നായി പ്രസ്സ് ചെയ്ത് ഒട്ടിക്കുക. അതിനുശേഷം മുകൾ വശം നന്നായി വരയുക (സ്ലിറ്റ് ഇടുക).

മുട്ടവെള്ള അടിച്ചു ഇതിനു മുകളിൽ ബ്രഷ് ഉപയോഗിച്ചു പുരട്ടുക. സ്വർണ്ണ നിറമാകുന്നവരെ ബേക്ക് ചെയ്യുക.

## KITCHEN TIPS

1. ബിസ്ക്കറ്റ് ബേക്ക് ചെയ്തശേഷം ട്രേയിൽ ഒട്ടിപ്പിടിച്ചു ഇരുന്നാൽ ഒരു നനഞ്ഞ തുണിയുടെ പുറത്തു ട്രേ വെച്ച് തണുപ്പിക്കുക. നന്നായി ഇളകി വരും.
2. എണ്ണയിൽ അൽപ്പം പച്ചരി ഇട്ടു വറുത്തു കോരിയശേഷം മീൻ വറുക്കുക. അടിയിൽ കരിഞ്ഞു പിടിക്കില്ല.
3. ഫ്രയിംഗ് പാൻ വൃത്തിയാക്കാൻ പാനിൽ കുറച്ചു ഉപ്പ് ഇട്ടശേഷം ചൂടാക്കുക. പേപ്പർ ടൗവ്വൽ ഇട്ടു നന്നായി തുടച്ചശേഷം കഴുകി എടുക്കുക.




STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative
فينكس للتسويق والابداع ذ.م.م
PHOENIX
MARKETING & CREATIONS W L L
P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com

For Private Circulation only

Shabeeba's

# SOUTH PARK

Follow US

SOUTH PARK RESTAURANT W.L.L

UNDER NEW MANAGEMENT

## SOUTH PARK RESTAURANT W.L.L

A First Class Multi Cuisine Family Restaurant

FRIDAY SPECIAL BUFFET LUNCH @ BD 2.000 ONLY

POTHICHORU AVAILABLE @ 0.800 FILS ONLY

LUNCH ON BANANA LEAF

**FOR DELIVERY**

Tel : 1724 3900
Tel : 1725 3900
Mob: 3344 2570

southpark.bahrain@gmail.com
KINGDOM OF BAHRAIN

MULTI PURPOSE HALLS | RESTAURANT | CATERING SERVICE